**പന്ത്രണ്ടാം കേരള നിയമസഭ**

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
# (2006–2008)

## ഏഴാമത് റിപ്പോർട്ട്

(2008 ഡിസംബർ 11-ാം തീയതി സമർപ്പിച്ചത്)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2008

182/2009.

പന്ത്രണ്ടാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
# (2006–2008)

## ഏഴാമത് റിപ്പോർട്ട്

(2008 ഡിസംബർ 11–ാം തീയതി സമർപ്പിച്ചത്)

182/2009.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I (എസ്.ആർ.ഒ. നമ്പർ 107, 234, 837 & 927/2007) | .. | 12 |
| അനുബന്ധം II | .. | 52 |
| അനുബന്ധം III | .. | 54 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2006-2008)

## ഘടന

<u>ചെയർമാൻ</u> :

ശ്രീ. ജോസ് തെറ്റയിൽ

<u>അംഗങ്ങൾ</u> :

ശ്രീ. പി. കൃഷ്ണപ്രസാദ്

,, മുരളി പെരുനെല്ലി

,, വി. ശശികുമാർ

,, സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്

,, കെ. ശിവദാസൻ നായർ

,, പി. തിലോത്തമൻ

,, തോമസ് ഉണ്ണിയാടൻ

,, എം. ഉമ്മർ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കെ. ജയകുമാർ, സെക്രട്ടറി
ശ്രീമതി ആർ. പ്രസന്നകുമാരി, അഡീഷണൽ സെക്രട്ടറി
,, ജെ. സരളാദേവി, ഡെപ്യൂട്ടി സെക്രട്ടറി
,, പി. ജയലക്ഷ്മി, അണ്ടർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2003-ലെ വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്ടിൻ കീഴിൽ പുറപ്പെടുവിച്ച ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 107/2007, തീയതി 3-2-2007, എസ്.ആർ.ഒ. നമ്പർ 234/2007, തീയതി 8-3-2007, എസ്.ആർ.ഒ. നമ്പർ 837/2007, തീയതി 10-10-2007, എസ്.ആർ.ഒ. നമ്പർ 927/2007, തീയതി 12-11-2007) സമിതി വിശദമായ പഠനത്തിന് വിധേയമാക്കി.

ആക്ടിലെയും ചട്ടത്തിലെയും വ്യവസ്ഥകൾ ഫലപ്രദമായി നടപ്പാക്കുന്നതു സംബന്ധിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വരൂപിക്കുന്നതിനായി പാലക്കാട്, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ യോഗങ്ങൾ ചേരുകയും കർഷകർ, കർഷക സംഘടനാ പ്രതിനിധികൾ, പരിസ്ഥിതി പ്രവർത്തകർ, പൊതുജനങ്ങൾ, വനം, റവന്യൂ എന്നീ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും തെളിവെടുക്കുകയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുകയും ചെയ്തു. സമിതി മുമ്പാകെ ഹാജരായി തെളിവ് നൽകിയവരുടെ പേര് വിവരം അനുബന്ധം IV ആയി ചേർത്തിരിക്കുന്നു. ഈ വിഷയത്തിൽ സിമിതി നടത്തിയ തെളിവെടുപ്പിന്റെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും ശുപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2008 ഡിസംബർ മാസം 10-ാം തീയതി കൂടിയ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ജോസ് തെറ്റയിൽ,

*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.*

തിരുവനന്തപുരം,
10-12-2008.

# റിപ്പോർട്ട്

2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്ടിൻ കീഴിൽ പുറപ്പെടുവിച്ച ചട്ടങ്ങൾ [S.R.O. No. 107/2007, തീയതി 3-2-2007, No. 234/07, തീയതി 8-3-2007, No. 837/07, തീയതി 10-10-2007, No. 927/07, തീയതി 12-11-2007] സംബന്ധിച്ച്.

പ്രകൃതിയുടെയും പ്രകൃതി വിഭവങ്ങളുടെയും സംരക്ഷണത്തിനുവേണ്ടിയുള്ള അന്തർദേശീയ യൂണിയൻ (ഐ.യു.സി.എൻ.) ലോകത്തിലെ ജൈവ വൈവിധ്യത്തിന്റെ സുപ്രധാന മേഖലകളിൽ ഒന്നായി പ്രഖ്യാപിച്ച പശ്ചിമഘട്ടത്തിലെ ജൈവ വൈവിധ്യത്തിന്റെ അമൂല്യമായ കലവറകളായ ഉഷ്ണമേഖലാ വനങ്ങൾ ഇപ്പോൾ നാശത്തിന്റെ വക്കിലാണ്. ജൈവ വൈവിധ്യത്തെ സംബന്ധിക്കുന്ന കൺവൻഷനിൽ (സി.ബി.ഡി.) ഒപ്പിട്ടിട്ടുള്ള ഒരു അംഗമെന്ന നിലയിൽ, സമൂഹത്തിന്റെ അഭംഗുരമായ സാമ്പത്തിക സാമൂഹ്യവളർച്ചയ്ക്കും പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും പ്രകൃതി വിഭവങ്ങളെയും ജൈവ വൈവിധ്യങ്ങളെയും സംരക്ഷിക്കേണ്ട ചുമതല നമ്മുടെ രാജ്യത്തിനുണ്ട്. രാജ്യത്തെ മുഴുവൻ ജനങ്ങളുടെയും ക്ഷേമത്തിനായി വനങ്ങൾ, നദികൾ മുതലായ പ്രകൃതി വിഭവങ്ങൾ ഒരു പൊതുസ്വത്തായി നിലനിർത്തണമെന്നും സംസ്ഥാന സർക്കാരുകളും നിയമപ്രകാരമുള്ള അധികാര സ്ഥാനങ്ങളും പരിസ്ഥിതി ശോഷണത്തിന്റെ കാരണങ്ങളെ മുൻകൂട്ടി കാണുകയും തടയുകയും നേരിടുകയും വേണമെന്നും ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ പരിസ്ഥിതി ശാസ്ത്രപരമായി ഭുർബലമായ ഭൂപ്രദേശങ്ങളിൽ പലതും സ്വകാര്യ ഉടമസ്ഥതയിൻ കീഴിലായതിനാൽ പ്രകൃതി വിഭവങ്ങളുടെ അമിത ചൂഷണവും ഫലപ്രദമല്ലാത്ത കാര്യകർതൃത്വം നടത്തിപ്പും കാരണം ജൈവ വൈവിധ്യങ്ങൾ വീണ്ടെടുക്കാനാകാത്ത വിധം ശോഷിച്ചു പോകുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്. ഈ സാഹചര്യത്തിൽ മുൻകരുതൽ നടപടി എന്ന നിലയ്ക്കും പ്രതിരോധ നടപടി എന്ന നിലയ്ക്കും പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളെ സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനും പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും ജൈവ വൈവിധ്യം പരിരക്ഷിക്കുന്നതിനും അങ്ങനെയുള്ള പ്രദേശങ്ങളുടെ കാര്യകർതൃത്വം ഉറപ്പുവരുത്തുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ രൂപം കൊടുത്ത നിയമമാണ് 2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ഭുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്ട് (2005-ലെ 21-ാം ആക്ട്).

1971-ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ്സ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) ആക്ടിന്റെ പിൻബലത്താൽ ഏറ്റെടുക്കപ്പെട്ട വനഭൂമി സുപ്രീംകോടതിയുടെ ഉത്തരവു പ്രകാരം വിട്ടുകൊടുക്കേണ്ടിവന്നതുമൂലം, അനുദിനം നശിച്ചുവരുന്ന വനസമ്പത്ത് സംരക്ഷിക്കപ്പെടണമെന്ന ഉദ്ദേശത്തോടുകൂടി റിസർവ്വ് വനത്താൽ ചുറ്റപ്പെട്ടതും റിസർവ്വ് വനങ്ങളോട് ചേർന്നു കിടക്കുന്നവയുമായ പരിസ്ഥിതി ദുർബല പ്രദേശങ്ങൾ ഏറ്റെടുക്കുന്നതിനാണ് ഈ നിയമം പാസ്സാക്കിയത്. 1961-ലെ കേരള വനം ആക്ട് (1962-ലെ 4), 1971-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്ട് (1971-ലെ 26) എന്നീ നിയമങ്ങൾക്കുശേഷം വനസംരക്ഷണത്തിനായി കേരള നിയമസഭ പാസാക്കിയ മറ്റൊരു സുപ്രധാനമായ നിയമമാണിത്. ഒരു പ്രദേശം പരിസ്ഥിതി

ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശം എന്ന് വിവക്ഷിക്കപ്പെടുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ഈ നിയമത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. വൃക്ഷ സസ്യവർഗ്ഗങ്ങളുടെയും ജന്തു വർഗ്ഗങ്ങളുടെയും ബാഹുല്യം, അപൂർവ്വമായതും ഒരു പ്രദേശത്ത് മാത്രമായി കാണുന്ന തുമായ വൃക്ഷ സസ്യവർഗ്ഗങ്ങളും ജന്തുവർഗ്ഗങ്ങളും, ജലസ്രോതസുകൾ, വന്യജീവി സങ്കേതങ്ങളെ ബന്ധിപ്പിക്കുന്ന ഇടനാഴി പ്രദേശങ്ങൾ, വന്യജീവി സംവർദ്ധന പ്രദേശ ങ്ങൾ എന്ന വിശേഷണങ്ങളുള്ളതോ ഏതെങ്കിലും ആളിന്റെ കൈവശം ഉള്ളതോ സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതോ ആയ ഒരു റിസർവ് വനത്തോടോ ഒരു നിക്ഷി പ്തവനത്തോടോ ചേർന്നു കിടക്കുന്നതോ അതിനാൽ ചുറ്റപ്പെട്ടതോ ആയ ഭൂമിയെയാണ് 'പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശം' എന്ന വാക്കുകൊണ്ട് അർത്ഥമാ ക്കുന്നത്. പരിസ്ഥിതി സംരക്ഷണ രംഗത്തെ സുപ്രധാനമായ നാഴികക്കല്ലായി വിശേഷി പ്പിക്കപ്പെടാവുന്ന ഈ നിയമപ്രകാരം സംസ്ഥാനത്ത് 13105.6415 ഹെക്ടർ ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഇപ്രകാരം ഏറ്റെടുക്കുന്ന ഭൂമിക്ക് റിസർവ്വ് വനങ്ങളുടെ പദവി കൈവരുമെന്നതാണ് ഈ നിയമത്തിന്റെ മറ്റൊരു സവിശേഷത.

2005-ലെ 21-ാം ആക്ടായി പ്രസിദ്ധീകരിച്ച ഈ നിയമത്തിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന്റെ ഭാഗമായി ആക്ടിലെ 18-ാം വകുപ്പ് പ്രകാരം നൽക പ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ "2007-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ചട്ടങ്ങൾ" എസ്.ആർ.ഒ. നമ്പർ 107/2007 തീയതി 3-2-07, വിജ്ഞാപനം നമ്പർ സ.ഉ. (പി) നമ്പർ 3/2007/വനം, തീയതി 3-2-2007 പുറപ്പെടുവി ക്കുകയുണ്ടായി.

2007 നവംബർ മാസം 21-ാം തീയതി തിരുവനന്തപുരത്തുവച്ച് ചേർന്ന യോഗ ത്തിൽ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി ഈ ചട്ടങ്ങളെ സംബന്ധിച്ച് നിയമ വകുപ്പുമായി ഒരു പ്രാരംഭ ചർച്ച നടത്തിയിരുന്നു. സംസ്ഥാനത്തെ പരിസ്ഥിതി സന്തു ലിതാവസ്ഥ നിലനിർത്തുന്നതിനും ജൈവ വൈവിധ്യം പരിരക്ഷിക്കുന്നതിനും പരമ പ്രാധാന്യം നൽകുന്ന നിയമം എന്ന നിലയിൽ നിയമത്തിലെ വ്യവസ്ഥകൾ ചട്ടത്തിലൂടെ ഫലപ്രദമായി നടപ്പാക്കിയിട്ടുണ്ടോയെന്നും പ്രായോഗിക തലത്തിൽ ചട്ടങ്ങളിൽ പോരായ്മ കൾ അനുഭവപ്പെടുന്നുണ്ടോയെന്നും നിയമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ ചട്ടങ്ങളിലൂടെ നിറവേറ്റപ്പെടുന്നുണ്ടോയെന്നും സമിതി ചർച്ച ചെയ്യുകയും ഇതു സംബന്ധിച്ച് വിശദ മായ ഒരു പഠനം ആവശ്യമാണെന്ന് വിലയിരുത്തുകയും ചെയ്തു. അതിന്റെ ഭാഗമായി 12-12-2007-ന് തിരുവനന്തപുരത്തുവച്ച് വനം, നിയമം എന്നീ വകുപ്പ് സെക്രട്ടറിമാരിൽ നിന്നും സമിതി തെളിവെടുത്തു. ചട്ടങ്ങളുടെ പ്രായോഗിക തലത്തിലുള്ള നിർവ്വഹണം സംബന്ധിച്ചും ആക്ടിലും ചട്ടത്തിലും വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ചും നേരിട്ട് മനസ്സിലാക്കുന്നതിനായി 27-5-2008-ൽ പാലക്കാടും 19-6-2008-ൽ കാസർഗോഡും 21-8-2008-ൽ കോഴിക്കോട്ടും സമിതി യോഗം ചേരുകയും വനം, റവന്യൂ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, കർഷകർ, കർഷക സംഘടനാ പ്രതിനിധികൾ, പരി സ്ഥിതി പ്രവർത്തകർ ഈ വിഷയത്തിൽ താല്പര്യമുള്ള പൊതുജനങ്ങൾ എന്നിവരിൽ നിന്നും തെളിവെടുക്കുകയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുകയും ചെയ്തു. തുടർന്ന് സമിതി പ്രസ്തുത ജില്ലകളിലെ പരിസ്ഥിതി ശാസ്ത്രപരമായി ദുർബ ലമായ ഭൂപ്രദേശങ്ങളായി വിജ്ഞാപനം ചെയ്ത വിവിധ സ്ഥലങ്ങൾ സന്ദർശിക്കുകയും

സ്ഥിതിഗതികൾ നേരിൽ കണ്ട് വിലയിരുത്തുകയുമുണ്ടായി. പ്രസ്തുത യോഗങ്ങളിലും സന്ദർശനങ്ങളിലും ഉയർന്നുവന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരാതികളും ക്രോഡീകരിക്കുന്നതിനും ആക്ടിലും ചട്ടത്തിലും വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായം ആരായുന്നതിനുമായി സമിതി 17-9-2008-ൽ തിരുവനന്തപുരത്ത് യോഗം ചേരുകയും വനം, റവന്യൂ, നിയമം എന്നീ വകുപ്പ് സെക്രട്ടറിമാരുമായി വിശദമായ ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ ഉരുത്തിരുഞ്ഞുവന്ന അഭിപ്രായങ്ങളെ സമന്വയിപ്പിച്ചും സമിതിക്ക് നേരിട്ട് ബോധ്യപ്പെട്ട വസ്തുതകളെ അടിസ്ഥാനമാക്കിയുമുള്ള നിർദ്ദേശങ്ങളും ശുപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ടിന്റെ ഉള്ളടക്കം.

മേൽ ഉദ്ധരിച്ച ചട്ടങ്ങളുടെ നിർവ്വഹണം സംബന്ധിച്ച് സമിതിയുടെ ആദ്യ തെളിവെടുപ്പ് യോഗം പാലക്കാട് ജില്ലയിൽ വച്ചാണ് നടന്നത്. പ്രസ്തുത യോഗത്തിൽ സമിതിയ്ക്ക് ചട്ടങ്ങളുടെ നിർവ്വഹണത്തിൽ സംഭവിച്ച പിഴവുകളും അതു സംബന്ധിച്ച ധാരാളം പരാതികളും സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. കർഷകർ, പരിസ്ഥിതി പ്രവർത്തകർ, ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും വിലപ്പെട്ട നിർദ്ദേശങ്ങളും സമിതിക്ക് ലഭിയ്ക്കുകയുണ്ടായി. ബന്ധപ്പെട്ടവരുമായി സമിതി നടത്തിയ ചർച്ചകളിൽ നിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞ വസ്തുതകൾ ചൂണ്ടിക്കാണിക്കുന്നു.

സംസ്ഥാനത്ത് ഇ.എഫ്.എൽ. പ്രദേശങ്ങൾ ഏറ്റവും കൂടുതലുള്ള ജില്ല പാലക്കാട് ജില്ലയാണ്. ഇവിടെ ഏകദേശം 4966.3026 ഹെക്ടർ ഭൂമി പരിസ്ഥിതി ദുർബല പ്രദേശമായി വിജ്ഞാപനത്തിലൂടെ ഏറ്റെടുത്തിട്ടുള്ളതായി സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. വന്യമൃഗങ്ങൾ ഇല്ലാത്തിടത്ത് അവ ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് റിപ്പോർട്ട് നൽകി കിടപ്പാടം ഉൾപ്പെടെയുള്ള കൃഷിഭൂമി ഇ.എഫ്.എൽ. ആയി പ്രഖ്യാപിച്ചതായും 2006-ൽ ഇ.എഫ്.എൽ. കമ്മിറ്റി പരിശോധിച്ച് ഇ.എഫ്.എൽ-ൽ നിന്നും ഒഴിവാക്കിയതായി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്ത സ്ഥലം മറ്റൊരു കമ്മിറ്റി പരിശോധിച്ച് ഇ.എഫ്.എൽ. ആയി തുടരണമെന്ന് നിർദ്ദേശിച്ചതായും 40 ഏക്കറോളം ഭൂമി യാതൊരു നഷ്ടപരിഹാരവുമില്ലാതെ ഏറ്റെടുത്തതായും ഫോറസ്റ്റ് ട്രിബ്യൂണലിൽ നിന്ന് ഭൂമി വിട്ടുകിട്ടാൻ വിധി വന്ന് 30 വർഷത്തോളമായിട്ടും ഭൂമി വിട്ടുകിട്ടാത്തതായും അതിരുകൾ തിട്ടപ്പെടുത്താത്തതിനാൽ ക്രയവിക്രയം നടത്തുന്നതിനോ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനോ കൃഷി ചെയ്യുന്നതിനോ സാധിക്കുന്നില്ലെന്നും കർഷകർ പരാതി ഉന്നയിക്കുകയുണ്ടായി. തിരുമാന്ധാംകുന്ന് ദേവസ്വത്തിന്റെ വക 30 ഏക്കറോളമുള്ള കശുമാവിൻതോട്ടം ഇ.എഫ്.എൽ. ആയി ഏറ്റെടുത്തതായി ദേവസ്വം അധികാരികൾ പരാതിപ്പെട്ടു. പാലക്കാട് ഫോറസ്റ്റ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൈവശക്കാരന് വിട്ടുനൽകിയ ഭൂമിയുടെ കൈവശരേഖ ഇതുവരെ ലഭിച്ചിട്ടില്ല എന്ന നിരവധി പരാതികളും സമിതിയുടെ ശ്രദ്ധയിൽകൊണ്ടുവന്നു. ഇതിനു പുറമെ പാലക്കാട് ജില്ലയിൽ പൊതുവായി സമിതിയുടെ ശ്രദ്ധയിൽ വന്ന ഒരു പരാതി ഇ.എഫ്.എൽ ഭൂമി ഏതെന്ന് കൃത്യമായി സർവ്വേ നടത്തി ജണ്ടയിട്ട് തിരിച്ച് നൽകുന്നില്ല എന്നുള്ളതാണ്. ഇക്കാരണത്താൽ ഭൂനികുതി അടയ്ക്കുന്ന ഭൂമിയിൽപ്പോലും പ്രവേശിക്കുവാൻ കഴിയാത്ത സാഹചര്യം നിലനില്ക്കുന്നതായി സമിതി മനസ്സിലാക്കുന്നു. സമിതി മുമ്പാകെ സമർപ്പിക്കപ്പെട്ട ഇത്തരം പരാതികൾ തുടർ നടപടികൾ കൈക്കൊള്ളുന്നതിനായി വനം വകുപ്പിന് കൈമാറിയിട്ടുണ്ട്.

ഇ.എഫ്.എൽ. പ്രകാരം പാലക്കാട് ജില്ലയിൽ ഇനിയും ഏറ്റെടുക്കേണ്ടതായിട്ടുള്ള പ്രദേശങ്ങൾ അടിയന്തിരമായി ഏറ്റെടുക്കണമെന്നും അതിൽ ചെറുകിട കർഷകരുടെ ഭൂമി ഉൾപ്പെടുന്നുണ്ടെങ്കിൽ അതിന് മതിയായ നഷ്ടപരിഹാരം നൽകണമെന്നും വനം, റവന്യൂ എന്നീ വകുപ്പുകളുടെ സംയുക്ത സർവ്വേ നടത്തി അതിരുകൾ തിരിച്ച് ജണ്ടയിട്ട് സംരക്ഷിക്കണമെന്നും നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിനുള്ള കമ്മിറ്റിയിൽ രണ്ട് പരിസ്ഥിതി പ്രവർത്തകരെകൂടി ഉൾപ്പെടുത്തേണ്ടതാണെന്നും തുടങ്ങിയ നിർദ്ദേശങ്ങളും സമിതിയുടെ തെളിവെടുപ്പു യോഗങ്ങളിൽ നിന്നും ഉണ്ടായി.

ഇ.എഫ്.എൽ. നിയമത്തിലെ നിർവ്വചനത്തിൽ ജലസ്രോതസുകൾ, ജൈവ വൈവിധ്യ പ്രധാന മേഖലകൾ എന്നിവയെ ഉൾപ്പെടുത്തി പുനർ നിർവ്വചനം നടത്തുക, ഇ.എഫ്.എൽ. നിയമത്തിന്റെ പരിധിയിൽ ഏലം, കാപ്പി, കുരുമുളക് തുടങ്ങിയ തോട്ടം മേഖലയെ ഉൾപ്പെടുത്തുക, അഞ്ചേക്കറിൽ താഴെയുള്ള ഭൂമി ഇ.എഫ്.എൽ. ആയി ഏറ്റെടുക്കുമ്പോൾ സെക്ഷൻ 4-ന്റെ പരിധിയിൽ വരുന്നവർക്ക് നഷ്ടപരിഹാരം നൽകുക, സെക്ഷൻ 3-ൽ വരുന്ന നാമമാത്ര ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുക, സർക്കാർ ഏറ്റെടുത്ത ഭൂമികളിന്മേലുള്ള കേസുകൾ അടിയന്തിരമായി തീർപ്പാക്കുക, ആദിവാസി കൾക്ക് ഭൂമി നൽകുമ്പോൾ വനത്തിനു പുറത്തുള്ള ഭൂമി കണ്ടെത്തി നൽകുക, സംസ്ഥാനത്തുടനീളം നടക്കുന്ന വനഭൂമി നശിപ്പിക്കൽ, കയ്യേറ്റം എന്നിവ അന്വേഷണ വിധേയമാക്കി ടി സ്ഥലങ്ങളെ പരിസ്ഥിതി പ്രധാന മേഖലകളാക്കുക എന്നീ നിർദ്ദേശ ങ്ങളും സമിതിയുടെ യോഗങ്ങളിൽ നടന്ന ചർച്ചകളിൽ ഉയർന്നുവന്നു. പറമ്പിക്കുളം, മുട്ടിക്കുളങ്ങര എന്നീ സ്ഥലങ്ങൾ സമിതി സന്ദർശിച്ചു.

ഈ വിഷയവുമായി ബന്ധപ്പെട്ട് സമിതി നടത്തിയ 19-6-2008-ലെ തെളിവെടുപ്പ് യോഗം കാസർഗോഡ് ജില്ലയിൽ വച്ചാണ് നടന്നത്. കാസർഗോഡ് ജില്ലയിൽ മാലോത്ത്, പാലാവയൽ, പനത്തടി, ബളാൽ, മേലംപാടി എന്നീ വില്ലേജുകളിലായി 374.4937 ഹെക്ടർ ഭൂമി പരിസ്ഥിതി ദുർബലപ്രദേശങ്ങളായി വിജ്ഞാപനം ചെയ്തിട്ടുണ്ടെന്നും അപ്രകാരം നിക്ഷിപ്തമാക്കപ്പെട്ട പ്രദേശങ്ങൾ പുനർ വിജ്ഞാപനം ചെയ്തിട്ടില്ലെന്നും ആർക്കും നഷ്ടപരിഹാരം നൽകിയിട്ടില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ഇ.എഫ്.എൽ. വിജ്ഞാപന പ്രകാരം ഏറ്റെടുത്ത എല്ലാ ഭൂമിയുടെയും അതിർത്തികൾ നിശ്ചയിക്കാത്തതിനാൽ ബുദ്ധിമുട്ടുകൾ നേരിടുന്നതായും ആയതിനാൽ പ്രസ്തുത സ്ഥലങ്ങൾ അടിയന്തിരമായി ജണ്ടയിട്ട് തിരിക്കണമെന്ന ഒരു നിർദ്ദേശവും ചർച്ചകളിൽ ഉണ്ടായി. കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ ഉണ്ടാക്കുന്ന പ്രകൃതിദുരന്ത സാദ്ധ്യതകളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാനാകും വിധം മൈനിംഗ് ആന്റ് ജിയോളജി, ഗ്രൗണ്ട് വാട്ടർ വകുപ്പുകളെ സജ്ജമാക്കേണ്ടതിന്റെ ആവശ്യകതയും ചർച്ചയിൽ വെളിവാക്കപ്പെട്ടു. സംസ്ഥാനത്തെ പല ജില്ലകളിലും വിശിഷ്യാ കാസർഗോഡ് ജില്ലയിൽ കണ്ടൽകാടുകൾ വ്യാപകമായി നശിപ്പിക്കപ്പെടുന്നത് തടയുന്നതിനും അവ വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ഊർജ്ജിതമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് പരിസ്ഥിതി പ്രവർത്തകർ അഭിപ്രായപ്പെടുക യുണ്ടായി.

സമിതിയുടെ 21-8-2008-ലെ തെളിവെടുപ്പുയോഗം കോഴിക്കോട് ജില്ലയിൽ വച്ചാണ് നടന്നത്. കോഴിക്കോട് ജില്ലയിൽ കോഴിക്കോട്, കൊയിലാണ്ടി, വടകര എന്നീ താലൂക്കു കളിലായി 1527.1871 ഹെക്ടർ ഭൂമി ഇ.എഫ്.എൽ. ആയി വിജ്ഞാപനം

ചെയ്തിട്ടുണ്ട്. കോഴിക്കോട് കളക്ടറേറ്റിൽ ചേർന്ന യോഗത്തിൽ ചെറുകിട കർഷകരാണ് മുഖ്യമായും പരാതിക്കാരായി എത്തിയത്. എട്ട് വർഷത്തിലധികമായി റബ്ബർ, തെങ്ങ്, കമുക്, കാപ്പി എന്നിവ കൃഷി ചെയ്യുന്ന ഭൂമി യാതൊരു നഷ്ടപരിഹാരവും നൽകാതെ ഏറ്റെടുക്കുന്നുവെന്നും കൃഷി ഭൂമി ഏറ്റെടുക്കുന്നതുമൂലം നികുതി അടയ്ക്കാൻ സാധിക്കുന്നില്ലെന്നും കൃഷിഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമയെ അറിയിക്കാറില്ലെന്നും ഏറ്റെടുത്ത ഭൂമിയിലുള്ള കൃഷിയും മരങ്ങളും കെട്ടിടവും വനം വകുപ്പ് ഉദ്യോഗസ്ഥർ നശിപ്പിക്കുകയാണെന്നും കൃഷി ഭൂമിയിൽ നിന്നും ആദായമെടുക്കാൻ അനുവദിക്കുന്നില്ലെന്നും ചെറുകിട കർഷകർക്ക് നീതി ലഭിക്കുവാനായി കോടതിയിൽ കേസു കൊടുക്കുന്നത് ബുദ്ധിമുട്ടാണെന്നും നിരവധി കർഷകർ സമിതി മുമ്പാകെ പരാതിപ്പെട്ടു.

പരിസ്ഥിതി ദുർബലപ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതിനുള്ള കാലതാമസത്തിനു കാരണം ജില്ലയിലെ റീസർവ്വേ പൂർത്തിയാകാത്തതാണെന്ന് റവന്യൂ ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. തുടർന്ന് സമിതി തുഷാരഗിരിയിലെ വിവിധ പരിസ്ഥിതി ദുർബലപ്രദേശങ്ങൾ സന്ദർശിക്കുകയുണ്ടായി.

ഒരിക്കൽ ഏറ്റെടുത്ത സ്ഥലം വീണ്ടും ഇ.എഫ്.എൽ. ആയി ഏറ്റെടുക്കുന്നതു സംബന്ധിച്ച് നിയമഭേദഗതി അത്യാവശ്യമാണെന്നും ഏറ്റെടുത്ത ഭൂമിയെ സംബന്ധിച്ച പരാതികളിന്മേൽ നിശ്ചിത സമയ പരിധിക്കുള്ളിൽ തീരുമാനമെടുക്കുന്നതിനുള്ള വ്യവസ്ഥ നിയമത്തിൽ ഉൾപ്പെടുത്തണമെന്നും സമിതിയ്ക്ക് ബോദ്ധ്യപ്പെട്ടു. ജില്ലയിലെ റീസർവ്വേ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ അതിർത്തി തിട്ടപ്പെടുത്തുന്നതിന് കാലതാമസം ഉണ്ടാകുന്ന കാര്യം ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിച്ചു.

ജില്ലാതല യോഗങ്ങളിലും സന്ദർശനത്തിലും സമിതിക്ക് നേരിട്ട് ബോദ്ധ്യപ്പെട്ട വസ്തുതകളുടെ വെളിച്ചത്തിൽ ആക്ടിലും ചട്ടത്തിലും വരുത്തേണ്ട ഭേദഗതികളെ സംബന്ധിച്ചും അവയുടെ നടത്തിപ്പിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ സംബന്ധിച്ചും വ്യക്തതയുണ്ടാക്കുന്നതിനായി വനം, റവന്യൂ, നിയമം എന്നീ വകുപ്പ് സെക്രട്ടറിമാരുമായി തിരുവനന്തപുരത്ത് വച്ച് സമിതി ചർച്ച നടത്തി. മേൽ സൂചിപ്പിച്ച തെളിവെടുപ്പുകളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിലുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശുപാർശകളും ചുവടെ ചേർക്കുന്നു.

**ശുപാർശകൾ**

1. ആക്ട് (2) (സി)-യിൽ വനത്തിന്റെ നിർവ്വചനത്തിൽ "തേയില, കാപ്പി, റബ്ബർ, കുരുമുളക്, ഏലം, തെങ്ങ്, കമുക്, കശുമാവ് എന്നിവ പോലെയുള്ള ദീർഘകാലവിളകളിലേതെങ്കിലും കൃഷി ചെയ്തിട്ടുളള ഏതൊരു ഭൂമിയോ വാസഗൃഹങ്ങളിരിക്കുന്നതും അതിനു ചുറ്റുമായി അതിന്റെ സൗകര്യപ്രദമായ ഉപയോഗത്തിന് അത്യാവശ്യമായിട്ടുള്ളതുമായ മറ്റേതെങ്കിലും ഭൂമിയോ അതിൽ ഉൾപ്പെടാത്തതുമാകുന്നു" എന്നു പറയുന്നു. ആക്ടിന്റെ ഉദ്ദേശലക്ഷ്യങ്ങളെ അട്ടിമറിക്കുന്നതിനും ആക്ടിലെ വ്യവസ്ഥകൾ ദുരുപയോഗപ്പെടുത്തുന്നതിനും പ്രധാന കാരണങ്ങളിലൊന്നാണ് ഈ വ്യവസ്ഥയെന്ന് സമിതി വിലയിരുത്തുന്നു. മാത്രവുമല്ല ഇ.എഫ്.എൽ. ആയി പ്രഖ്യാപിക്കപ്പെട്ട മിക്ക ഭൂപ്രദേശങ്ങളിലും ഈ വിളകൾ തന്നെയാണ് കൃഷി ചെയ്തിരിക്കുന്നത് എന്ന് സമിതിക്ക് നേരിട്ട്

മനസ്സിലാക്കാൻ കഴിഞ്ഞു. ആയതിനാൽ വനത്തിന്റെ നിർവചനത്തിൽ "വനപ്രദേശങ്ങളിൽ മാത്രം വളരുന്ന വിളകളെന്ന നിലയിൽ ഏലം, കാപ്പി എന്നിവ ഒഴികെയുള്ള വിളകളെ നിർവചനത്തിൽ നിന്ന് ഒഴിവാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു."

2. ചട്ടം 8 (1) പ്രകാരം പരിസ്ഥിതി ദുർബല പ്രദേശങ്ങളായി വിജ്ഞാപനം ചെയ്തിട്ടുള്ള എല്ലാ ഭൂപ്രദേശങ്ങളുടെയും അതിർത്തി, ഈ ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തി രണ്ടു വർഷത്തിനകം തന്നെ സൂക്ഷിപ്പുകാരൻ അതിർത്തിയിലുടനീളം സ്ഥിരമായ ജണ്ട കൾ സ്ഥാപിച്ച് വേർതിരിക്കേണ്ടതാണ്. എന്നാൽ ചട്ടം 8(2)-ൽ എന്തെങ്കിലും തക്കതായ കാരണത്താൽ ഈ സമയപരിധിക്കുള്ളിൽ അതിർത്തി നിർണ്ണയം സാധിക്കാതെ വന്നാൽ സൂക്ഷിപ്പുകാരന് 'ഉചിതമെന്നു തോന്നുന്ന ന്യായമായ സമയം' ദീർഘിപ്പിച്ചു നൽകാൻ അധികാരപ്പെടുത്തിയിരിക്കുന്നു. വിവിധ ജില്ലകളിലെ തെളിവെടുപ്പ് യോഗങ്ങളിൽ നിന്നും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് അതിർത്തി നിർണ്ണയം പൂർത്തിയാക്കുകയോ ജണ്ടയിടുകയോ ചെയ്തിട്ടില്ലായെന്നതാണ്. ആയതിനാൽ ചട്ടം 8 (2)-ൽ 'ഉചിതമെന്നു തൊന്നുന്ന ന്യായമായ സമയം' എന്നതിനു പകരം 'മൂന്ന് മാസം' സമയം ദീർഘിപ്പിച്ചു നൽകുവാൻ സൂക്ഷിപ്പുകാരനെ അധികാരപ്പടുത്തിയിരിക്കുന്നു എന്ന് ഭേദഗതി വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3. ആക്ടിന്റെ നിർവ്വഹണത്തിലെ അവധാനതകുറവുമൂലം കൃഷിഭൂമികൾ പരിസ്ഥിതി ദുർബല പ്രദേശം എന്ന വിഭാഗത്തിൽ ഉൾപ്പെടുവാനുള്ള സാഹചര്യമുണ്ടായി എന്നത് സമിതി മനസ്സിലാക്കുന്നു. ഒരിക്കൽ നിക്ഷിപ്തമാക്കിയതും എന്നാൽ കോടതി വിധിമൂലം വിട്ടുകൊടുക്കേണ്ടിവന്നവയുമായ ഭൂമി ഇ.എഫ്.എൽ. ആയി വിജ്ഞാപനം ചെയ്യപ്പെട്ടത് ഭൂവുടമകൾക്ക് തിരിച്ചടിയായി മാറുകയാണുണ്ടായതെന്ന് സമിതി നിരീക്ഷിക്കുന്നു. വേണ്ടത്ര പരിശോധന കൂടാതെ ഭൂമി വിജ്ഞാപനം ചെയ്തതുമൂലമാണ് കൃഷിഭൂമി ഇപ്രകാരം ഉൾപ്പെടുവാനിടയായതെന്ന് സമിതി വിലയിരുത്തുന്നു. കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള ധാരാളം ചെറുകിട കർഷകരുടെ ഭൂമി സെക്ഷൻ 3 (1) പ്രകാരം നഷ്ടപരിഹാരത്തിനർഹതിയില്ലാത്തവിധം ഏറ്റെടുത്തതുമൂലം ബുദ്ധിമുട്ടിലായ ഭൂ ഉടമകളുടെ പ്രശ്നങ്ങൾക്ക് നേരെ കണ്ണടയ്ക്കുവാൻ കഴിയില്ല.

4. ആക്ട് പ്രകാരം സർക്കാരിൽ നിക്ഷിപ്തമാകുന്ന ഭൂമിയ്ക്ക് പരിധി നിശ്ചയിക്കാത്തതുമൂലം ഭൂമി ഏറ്റെടുക്കുമ്പോൾ ചെറുകിടയെന്നോ വൻകിടയെന്നോ ഭൂവുടമകളെ വേർതിരിച്ചു കാണുന്നില്ല എന്ന വനം വകുപ്പിന്റെ സമീപനത്തിൽ സമിതി വിയോജിപ്പ് രേഖപ്പെടുത്തുന്നു. കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള ചെറുകിട ഭൂവുടമകളുടെ ഭൂമി ഏറ്റെടുക്കുമ്പോൾ അവരുടെ ജീവനോപാധിയെ ബാധിക്കാത്തവിധത്തിൽ ചട്ടങ്ങളിലാവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുകയും ചട്ടങ്ങളുടെ നിർവ്വഹണത്തിൽ പ്രായോഗികതയും മാനുഷിക പരിഗണനയും കൂടി കണക്കിലെടുക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

5. കൃഷിക്കാരുടെ പരാതികൾ പരിഹരിക്കുവാൻ ആക്ടിലെ 9, 10, 19 എന്നീ വകുപ്പുകൾ പ്രകാരം വ്യവസ്ഥകൾ ഉണ്ടെങ്കിലും മതിയായ ജീവനക്കാരുടെ അഭാവംമൂലം അവ സമയബന്ധിതമായി തീർപ്പാക്കാൻ കഴിയുന്നില്ല എന്നത് ഒരു പ്രധാന ന്യൂനതയാണ്. കഴിഞ്ഞ രണ്ടു വർഷക്കാലയളവിനുള്ളിൽ കേവലം 20 കേസുകളാണ് തീർപ്പാക്കാൻ

കഴിഞ്ഞിട്ടുള്ളത്. ആയതിനാൽ കൃഷി ഭൂമി ഇ.എഫ്.എൽ. ആണെന്ന് തെറ്റായി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ അവ പരിശോധിച്ച് തീർപ്പുകൽപ്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ചുകൊണ്ടുള്ള വ്യവസ്ഥ ഉൾപ്പെടുത്തേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

6. വകുപ്പ് 4 (1) പ്രകാരം നഷ്ടപരിഹാരം കൊടുത്തുകൊണ്ട് ഭൂമി ഏറ്റെടുക്കുവാൻ വ്യവസ്ഥയുണ്ടായിട്ടും ഇതുവരെ അത്തരത്തിൽ ഭൂമി ഏറ്റെടുത്തിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. വളരെ കാലമെടുക്കുന്നതും സങ്കീർണ്ണമായ നടപടിക്രമങ്ങൾ ഉൾക്കൊള്ളുന്നതുമായ വ്യവസ്ഥകൾ നിയമത്തിലും ചട്ടത്തിലും നിലനിൽക്കെയാണ് വകുപ്പ് 3 (1) പ്രകാരം സംസ്ഥാനമൊട്ടാകെ ധാരാളം ഭൂമി ഏറ്റെടുത്തിട്ടുള്ളത്. അഞ്ചുവർഷക്കാലത്തിനുശേഷവും ഭൂവുടമകൾ സമർപ്പിച്ച പരാതികളിൽ തീർപ്പുകല്പിക്കാനാവാത്ത അവസ്ഥ നിലനിൽക്കുന്നത് ഖേദകരമാണെന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു. വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളെ സംബന്ധിച്ച് ഭൂവുടമകൾക്ക് പരാതിയുള്ളപക്ഷം തർക്കഭൂമി എന്ന നിലയിൽ ഭൂവുടമകൾക്ക് ഭൂമിയിൽ പ്രവേശനം അനുവദിക്കാൻ കഴിയില്ലെന്ന കസ്റ്റോഡിയന്റെ നിലപാടിനോട് സമിതി യോജിക്കുന്നുവെങ്കിലും ഭൂമിയിലെ വൃക്ഷങ്ങൾ വെട്ടി നശിപ്പിക്കാൻ വനം വകുപ്പും തയ്യാറാകരുത്. എന്നാൽ വൃക്ഷങ്ങൾ വെട്ടി നശിപ്പിക്കുന്നതുപോലെയുള്ള വനം വകുപ്പിന്റെ പ്രവർത്തികൾ വേലി തന്നെ വിളവ് തിന്നുന്നത് പോലെയാണെന്ന ആക്ഷേപം നിലനിൽക്കുന്നുണ്ട്. ഇത്തരം നടപടികളിൽ നിന്ന് വനം വകുപ്പ് പിന്തിരിയണമെന്നും ഏറ്റെടുത്ത ഭൂമിയുടെ അതിർത്തി നിർണ്ണയം സംബന്ധിച്ച് റവന്യൂ വകുപ്പുമായി സഹകരിച്ച് ജോയിന്റ് വെരിഫിക്കേഷൻ നടത്തി ഭൂവുടമകളുടെ പരാതികളിന്മേൽ സമയബന്ധിതമായി തീർപ്പുകല്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

7. പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശമായി പ്രഖ്യാപിച്ച ഭൂമിയുടെ അതിരുകൾ തിട്ടപ്പെടുത്താത്തതുമൂലം 3 മുതൽ 5 സെന്റ് വരെ മാത്രം ഭൂമിയുള്ള പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർ ഉൾപ്പെടെയുള്ളവർക്ക് ക്രയവിക്രയങ്ങൾ നടത്തുന്നതിനോ പുരകെട്ടുന്നതിനോ കൃഷിപ്പണികൾ ചെയ്യുന്നതിനോ സാധിക്കുന്നില്ലായെന്ന് തെളിവെടുപ്പ് വേളകളിൽ പലരും പരാതിപ്പെടുകയുണ്ടായി. പല ജില്ലകളിലും റീസർവ്വേ പൂർത്തിയായിട്ടില്ലെന്നും സമിതിയ്ക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. വനഭൂമിയും റവന്യൂ ഭൂമിയും വേർതിരിച്ച് അതിർത്തികൾ നിശ്ചയിക്കാത്തത് ഗുരുതരമായ ഒരു ആക്ഷേപമായി സമിതി വിലയിരുത്തുകയും സംസ്ഥാന രൂപീകരണത്തിനുശേഷം ഇത്രയും കാലമായിട്ടും ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിയ്ക്കാത്തതിൽ സമിതി ഉത്കണ്ഠ രേഖപ്പെടുത്തുകയും ചെയ്യുന്നു. ആയതിനാൽ വനം, റവന്യൂ, സർവ്വേ എന്നീ വകുപ്പുകൾ സംയുക്തമായി ഇ.എഫ്.എൽ. ഭൂമി അളന്ന് ജണ്ടയിട്ട് വേർതിരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഇതിന് ആവശ്യമായ ഉദ്യോഗസ്ഥരെ അടിയന്തിരമായി നിയോഗിക്കണമെന്നും സമിതി ഇത്തരുണത്തിൽ നിർദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ വരുന്ന കാലതാമസം നീതിനിഷേധമായി സമിതി വിലയിരുത്തുന്നു.

8. ആക്ടിലെ 15-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം രൂപീകരിക്കപ്പെടുന്ന സംസ്ഥാനതല ഉപദേശക സമിതി യോഗം ചേരുന്നതിനുള്ള സമയപരിധി ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ഇതിനുള്ള വ്യവസ്ഥകൾ ചട്ടത്തിൽ ഉൾക്കൊള്ളിക്കണമെന്നും ക്വാറം ഉണ്ടെങ്കിലും ചെയർമാന്റെ അഭാവത്തിൽ യോഗം ചേരാവുന്നതല്ലെന്ന വ്യവസ്ഥ ഒഴിവാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

9. ചട്ടം 18 (1) പ്രകാരം ഭൂമിയുടെ പരിശോധനയ്ക്കായി ഭൂമി സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ് ലൈഫ് വാർഡൻ, വനം കൺസർവേറ്ററുടെ സാങ്കേതിക സഹായി, വർക്കിംഗ് പ്ലാൻ ഓഫീസർ എന്നീ മൂന്ന് ജില്ലാതല വനം വകുപ്പ് ഉദ്യോഗസ്ഥരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ജില്ലാതല വനം വകുപ്പ് ഉദ്യോഗസ്ഥരെ മാത്രം ചുമതലപ്പെടുത്തിയതുമൂലം ധാരാളം ക്രമക്കേടുകൾ നടക്കുന്നതായി തെളിവെടുപ്പുകളിൽ നിന്ന് സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ ഒരു സ്ഥലം പരിസ്ഥിതി ശാസ്ത്രപരമായി ദുർബല പ്രദേശമായി വിജ്ഞാപനം ചെയ്യുന്നതിനു മുമ്പുള്ള ഭൂമി പരിശോധനയുടെ സുതാര്യത ഉറപ്പു വരുത്തുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് പുറമേ കൃഷി, റവന്യൂ എന്നീ വകുപ്പ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തണമെന്നും, വിജ്ഞാപനം ചെയ്ത ശേഷമുള്ള സ്ഥലപരിശോധനാ സമിതിയിൽ പ്രസ്തുത ഭൂമി ഉൾപ്പെടുന്ന പഞ്ചായത്തുകളിലെ പ്രസിഡന്റുമാരേയും അതാതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തത്തുല്യരേയും കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

10. ആക്ടിലെ സെക്ഷൻ 15 (2) പ്രകാരം പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങൾ വേർതിരിച്ചറിയുന്നതിനും പ്രസ്തുത ഭൂപ്രദേശങ്ങളെ പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശമായി പ്രഖ്യാപിക്കാൻ സർക്കാരിനോട് ശുപാർശ ചെയ്യുന്നതിനും വേണ്ടിയുള്ള ഉപദേശക സമിതിയിൽ നിലവിൽ രണ്ട് നിയമസഭാ സാമാജികർ ഉൾപ്പെടെ 12 അംഗങ്ങളാണ് ഉള്ളത്. ഇതോടൊപ്പം പരിസ്ഥിതി വകുപ്പ് സെക്രട്ടറിയെ കൂടി ഉപദേശക സമിതിയിൽ അംഗമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

11. വനവുമായി ബന്ധപ്പെട്ട പരിസ്ഥിതി ദുർബല പ്രദേശങ്ങളുടെ സംരക്ഷണമാണ് ഈ നിയമത്തിന്റെ ഉദ്ദേശലക്ഷ്യം, എന്നാൽ ഭൂപ്രദേശങ്ങൾക്കു പുറമേ കായലുകളും അരുവികളും കണ്ടൽ കാടുകളും പഴയ കാവുകളും ഇപ്പോൾ നാശോന്മുഖമായിട്ടുള്ള അവസ്ഥയിലാണ്. വനത്തോടൊപ്പം അവയും പരിസ്ഥിതി സന്തുലിതാവസ്ഥയ്ക്ക് അത്യന്താപേക്ഷിതമായ ഘടകങ്ങളാണെന്ന വസ്തുത തള്ളിക്കളയാൻ കഴിയില്ല. അവയിൽ ഭൂരിഭാഗവും റവന്യൂ ഭൂമിയോ അല്ലെങ്കിൽ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലോ ആണുള്ളത്. ആയതിനാൽ ഭൂപ്രദേശങ്ങൾക്കു പുറമേ കായലുകളും അരുവികളും, നദീതീരങ്ങളും, കായൽത്തീരങ്ങളും, ലഗൂണുകളും പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളായി പ്രഖ്യാപിക്കണമെന്നും ഇതുപോലെ മറ്റു ജൈവവൈവിധ്യ മേഖലകൾ പുരാവസ്തു സ്മാരകങ്ങൾ സംരക്ഷിക്കുന്ന മാതൃകയിൽ കൈവശക്കാർക്ക്/സ്വകാര്യ വ്യക്തികൾക്ക് നിബന്ധനകൾക്ക് വിധേയമായി കൈവശാവകാശം നൽകി സംരക്ഷിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

12. തീരപ്രദേശങ്ങളെ വേലിയേറ്റം, സുനാമി തുടങ്ങിയ പ്രകൃതിക്ഷോഭങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിൽ കണ്ടൽക്കാടുകൾ സുപ്രധാനമായ പങ്കുവഹിക്കുന്നു. കണ്ടൽ കാടുകളുടെ നശീകരണം വ്യാപകമായ തോതിൽ നടക്കുന്നതായി തെളിവെടുപ്പ് യോഗങ്ങളിൽ നിരവധി പരിസ്ഥിതി സംഘടനകൾ പരാതിപ്പെട്ടിട്ടുണ്ട്. അവ ഏറ്റെടുക്കുന്നതിനുള്ള പദ്ധതി ആവഷ്ക്കരിക്കുമ്പോൾ തന്നെ ഉടമസ്ഥർ അവ വെട്ടി നശിപ്പിക്കുന്നുവെന്നതിനാൽ അവ ഉടമസ്ഥരുടെ കൈവശം നിലനിർത്തിക്കൊണ്ട് സംരക്ഷിക്കണമെന്നും അവയുടെ പരിപാലനത്തിനായി ഇൻസന്റീവ് നൽകണമെന്ന നിർദ്ദേശം പരിഗണിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

13. കേരളത്തിലെ കായലുകളും ഉൾനാടൻ ജലാശയങ്ങളും വിനോദ സഞ്ചാരികളുടെ ആകർഷണ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. അതുമൂലം കായലോരങ്ങൾ പരിസ്ഥിതി മലിനീകരണ ഭീഷണിയെ നേരിടുകയാണ്. അടുത്ത കാലത്തായി ടൂറിസംമൂലമുള്ള മലനീകരണം വളരെ പ്രാധാന്യത്തോടു കൂടി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട് എന്നുള്ളതും ഇതിന്റെ ഗൗരവം വെളിവാക്കുന്നു. ആയതിനാൽ കായലുകൾ പരിസ്ഥിതി ദുർബല പ്രദേശങ്ങളായി ഏറ്റെടുക്കുമ്പോൾ പരിസ്ഥിതി സൗഹൃദപരമായ രീതിയിലുള്ള 'ഇക്കോ ടൂറിസം' പോലുള്ള പദ്ധതികൾ ടൂറിസം മേഖലയിൽ നടപ്പിലാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാത്ത രീതിയിൽ അവിടങ്ങളിൽ മത്സ്യബന്ധനത്തിന് സൗകര്യം നൽകണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

14. വയനാട്, ഇടുക്കി, കോട്ടയം തുടങ്ങിയ മലയോര ജില്ലകളിൽ കുന്നുകളിടിച്ചും പുൽമേടുകൾ നശിപ്പിച്ചും, പാറക്കൂട്ടങ്ങൾ ഇടിച്ചും നിർമ്മാണ പ്രവർത്തനങ്ങൾ വ്യാപകമായ തോതിൽ നടന്നു വരികയാണ്. പരിസ്ഥിതിയെ ആകെ തകിടം മറിക്കുന്ന ഇത്തരം പ്രവൃത്തികൾക്ക് ചുക്കാൻ പിടിക്കുന്നത് വൻകിട റിയൽ എസ്റ്റേറ്റുകാരാണെന്ന് ആക്ഷേപങ്ങൾ ഉന്നയിക്കപ്പെടുന്നു. ആയതിനാൽ വനപ്രദേശങ്ങളോടടുത്തു സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിലെ കുന്നുകൾ ഇടിച്ചും പാറക്കൂട്ടങ്ങൾ, പുൽമേടുകൾ നശിപ്പിച്ചും നടത്തുന്ന വലിയ നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിന് ആക്ടിൽ കർശനമായ വ്യവസ്ഥ കൊണ്ടുവരണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

15. പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങൾ സർക്കാരിൽ നിക്ഷിപ്തമാക്കുന്നത് ആക്ടിലെ 3-ഉം 4-ഉം വകുപ്പുകൾ പ്രകാരമാണ്. ആക്ടിലെ സെക്ഷൻ 3 അനുസരിച്ച് ആട്ടോമാറ്റിക് വെസ്റ്റിംഗ് ആണ് നടത്തുന്നത്. അപ്രകാരം നിക്ഷിപ്തമാക്കിയിട്ടുള്ള ഭൂപ്രദേശങ്ങൾ സൂക്ഷിപ്പുകാരൻ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതും ഉടമസ്ഥനെ രേഖാമൂലം അറിയിക്കേണ്ടതും ആ വിജ്ഞാപനം 15-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള ഉപദേശക സമിതിയുടെ മുമ്പാകെ സൂക്ഷ്മ പരിശോധനയ്ക്കായി വയ്ക്കേണ്ടതാണെന്ന് സെക്ഷൻ 3(2)-ൽ പറയുന്നു. ആക്ടിലെ 3-ാം വകുപ്പു പ്രകാരം ഏറ്റെടുത്ത ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഗസറ്റ് വിജ്ഞാപനം ചെയ്തതിനു ശേഷമാണ് 15-ാം വകുപ്പു പ്രകാരമുള്ള ഉപദേശക സമിതിയുടേയും ചട്ടം 18(1) പ്രകാരമുള്ള സ്ഥലപരിശോധനാ സമിതിയുടേയും പരിശോധനയ്ക്ക് വരുന്നത്. ഇക്കാരണത്താൽ ഏറ്റെടുക്കുന്നതിനു മുൻപ് കൈവശക്കാരന് ബോധിപ്പിയ്ക്കുവാനുള്ളത് പറയുവാൻ അവസരം ലഭിയ്ക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. ഇപ്രകാരം ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം ലഭിക്കുന്നതല്ല എന്നും 8(2)-ൽ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ 4-ാം വകുപ്പ് പ്രകാരം ഏറ്റെടുക്കുന്നത് 15-ാം വകുപ്പ് പ്രകാരമുള്ള ഉപദേശകസമിതിയുടെ ശുപാർശയ്ക്ക് ശേഷമാണ്. ഇപ്രകാരം ഏറ്റെടുക്കുന്നതിന് ഉടമയ്ക്ക് സ്ഥിര ദേഹണ്ഡങ്ങൾ ഉൾപ്പെടെ നഷ്ടപരിഹാരം ലഭിയ്ക്കുന്നതിന് അർഹതയുണ്ട്. സംസ്ഥാനത്ത് പരിസ്ഥിതി ദുർബലപ്രദേശമായി ഇതുവരെ ഏറ്റെടുത്ത ഭൂമിയെല്ലാം 3(1) പ്രകാരമാണ്. വനം വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥർ ചെറുകിട കർഷകരുടേയും 3ഉം 4ഉം സെന്റ് ഭൂമി മാത്രം കൈവശമുള്ള നാമമാത്ര കർഷകരുടേയും ഭൂമി വേണ്ടത്ര പരിശോധനയില്ലാതെ പരിസ്ഥിതിദുർബല പ്രദേശങ്ങളായി പ്രഖ്യാപിക്കുകയാണെന്ന് സമിതിയുടെ യോഗങ്ങളിൽ ഹാജരായി നിരവധി സാധാരണക്കാർ തെളിവു നൽകിയിട്ടുണ്ട്.

ആയതിനാൽ ആക്ടിലെ 4-ാം വകുപ്പ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതുപോലെ 3(1)-ാം വകുപ്പുപ്രകാരം ഭൂമി ഏറ്റെടുക്കുന്നത് ചട്ടം 18(1) പ്രകാരമുള്ള സ്ഥല പരിശോധനാ സമിതിയുടെ ശുപാർശയ്ക്ക് വിധേയമായിരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

16. പരിസ്ഥിതി ദുർബല പ്രദേശങ്ങളായി വിജ്ഞാപനം ചെയ്യുന്ന സ്ഥലങ്ങളിൽ വ്യാപകമായി വനം വെട്ടി നശിപ്പിക്കപ്പെടുന്നതായി പരിസ്ഥിതി പ്രവർത്തകർ പരാതിപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രദേശങ്ങളിലെ ഉദ്യോഗസ്ഥരുടെ ഒത്താശയോടെയാണ് വനനശീകരണം നടക്കുന്നതെന്ന് ആക്ഷേപം വ്യാപകമായി നിലനില്ക്കുന്നു. ഇത് ഈ ആക്ടിൻ പ്രകാരമുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമായ നിലപാട് ആയതിനാൽ വനനശീകരണം തടയുന്നതിനായി വനപ്രദേശങ്ങളിൽ വനപരിപാലനത്തിന് അല്ലാതെ മറ്റ് യാതൊരു ഉപയോഗത്തിനും ഭൂമി വിട്ടുകൊടുക്കാൻ പാടില്ലെന്ന വ്യവസ്ഥ നിയമത്തിൽ കൊണ്ടു വരണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ നടക്കുന്ന വനനശീകരണ പ്രവർത്തനങ്ങൾ അന്വേഷണ വിധേയമാക്കണമെന്നും അതിന് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

17. ഓർഡിനൻസിന്റെ വെളിച്ചത്തിൽ വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളെല്ലാതെ ഇനിയും ഈ ആക്ട് പ്രകാരം ഓരോ ജില്ലയിലും ഏറ്റെടുക്കേണ്ടതായ ഭൂമിയെക്കുറിച്ചുള്ള വിവരം ഇതുവരെ ശേഖരിക്കപ്പെട്ടിട്ടില്ല എന്നത് പരിസ്ഥിതി ദുർബല പ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ പുരോഗമിക്കുന്നില്ല എന്നും വ്യക്തമാക്കുന്നു. ഇ.എഫ്.എൽ. നിയമപ്രകാരം സംസ്ഥാനത്ത് ഇനിയും നിരവധി പ്രദേശങ്ങൾ ഏറ്റെടുക്കേണ്ടതായുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. എറണാകുളം, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിലെ ഇ. എഫ്. എൽ. പ്രദേശങ്ങളെ സംബന്ധിച്ച സ്ഥിതി വിവരക്കണക്ക് വനം വകുപ്പ് ലഭ്യമാക്കിയിട്ടില്ല. ഈ ജില്ലകളിലേയും ഇ.എഫ്.എൽ. പ്രദേശങ്ങൾ കണ്ടെത്തുന്നതിനുള്ള സ്ഥല പരിശോധന അടിയന്തിരമായി നടത്തേണ്ടതാണ്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമുള്ള ഇ.എഫ്.എൽ. ആയി വിജ്ഞാപനം ചെയ്യപ്പെടാൻ അർഹതയുള്ള പ്രദേശങ്ങൾ അടിയന്തിരമായി കണ്ടെത്തി ആവശ്യമായ പരിശോധന നടത്തി വിജ്ഞാപനം ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

18. പരിസ്ഥിതി ദുർബല പ്രദേശങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നിരിക്കേ അതിന്റെ സംരക്ഷണവും പരിപാലനവും സർക്കാരിന്റെ മാത്രം ഉത്തരവാദിത്വമാണെന്ന കാഴ്ചപ്പാടിന് മാറ്റം വരേണ്ടതായിട്ടുണ്ട്. അത്തരം സ്ഥലങ്ങളുടെ പ്രാധാന്യത്തെപ്പറ്റി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി മൈനിംഗ് & ജിയോളജി, ഭൂഗർഭ ജലം, വനം, പരിസ്ഥിതി എന്നീ വകുപ്പുകളുടെ സംയോജിതമായ പ്രവർത്തനം അനിവാര്യമാണ്. പരിസ്ഥിതി ദുർബല പ്രദേശം ആയ സ്ഥലങ്ങൾ സ്വകാര്യ വ്യക്തികൾ വനഭൂമിയായി നിലനിർത്തിയിട്ടുണ്ടെങ്കിൽ അവർക്ക് അർഹമായ പ്രോത്സാഹനം നൽകുന്നതിനുള്ള വ്യവസ്ഥ ആക്ടിൽ കൊണ്ടുവരണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

19. ഇ.എഫ്.എൽ. ആയി വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളുടെ ഡീനോട്ടിഫിക്കേഷൻ സംബന്ധിച്ച് കൃത്യമായ വ്യവസ്ഥയില്ലാത്തത് സംബന്ധിച്ച് കസ്റ്റോഡിയനുള്ള വിവേചനാധികാരത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നുവെന്ന് സമിതി വിശ്വസിക്കുന്നു. ഡീനോട്ടിഫിക്കേഷൻ സംബന്ധിച്ച് കൃത്യമായ വ്യവസ്ഥകൾ ആക്ടിലും ചട്ടത്തിലും ഇല്ലാത്തതിന്റെ പഴുതുപയോഗിച്ച് ഒരിക്കൽ ആക്ടിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമി തിരിച്ചു പിടിക്കുവാനുള്ള ഗൂഢശ്രമങ്ങൾക്ക് തടയിടുന്നതിന് ഡീനോട്ടിഫിക്കേഷൻ സംബന്ധിച്ച് നിയതവും വ്യക്തവുമായ വ്യവസ്ഥകൾ ഉൾക്കൊളളിച്ചുകൊണ്ട് ചട്ടം ഭേദഗതി ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ജോസ് തെറ്റയിൽ,

തിരുവനന്തപുരം,
11-12-2008.

*ചെയർമാൻ,*
സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.

അനുബന്ധം 1

## കേരള സർക്കാർ

വനം-വന്യജീവി (ഇ) വകുപ്പ്

## വിജ്ഞാപനം

സ. ഉ. (പി) നമ്പർ 3/2007/വനം തിരുവനന്തപുരം, 2007 ഫെബ്രുവരി 3.

**എസ്. ആർ. ഒ. നമ്പർ 107/2007.**—2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്റ്റിലെ (2005-ലെ 21) 18-ാം വകുപ്പ് പ്രകാരം നല്കപ്പെട്ട അധികാരം വിനിയോഗിച്ച് കേരള സർക്കാർ ഇതിനാൽ താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

## ചട്ടങ്ങൾ

അദ്ധ്യായം-ഒന്ന്

### പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2007-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ചട്ടങ്ങൾ എന്ന് പേർ പറയാം.

(2) ഇവ ഉടൻ തന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ചട്ടങ്ങളിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "ആക്റ്റ്" എന്നാൽ 2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്റ്റ് (2005-ലെ 21) എന്നർത്ഥമാകുന്നു.

(ബി) "നഷ്ടപരിഹാരം" എന്നാൽ ആക്റ്റിന്റെ 8-ാം വകുപ്പ് പ്രകാരം സ്ഥായിയായ ദേഹണ്ഡങ്ങൾ ഉൾപ്പെടെ സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ട ഭൂമിയെ സംബന്ധിച്ച് അനുവദിക്കുന്ന ഏതൊരു തുകയും എന്നർത്ഥമാകുന്നു.

(സി) "സൂക്ഷിപ്പുകാരൻ" എന്നാൽ ആക്റ്റിന്റെ 2-ാം വകുപ്പ് (എ) ഖണ്ഡത്തിൽ നിർവ്വചിച്ചിരിക്കുന്ന പ്രകാരമുള്ള സൂക്ഷിപ്പുകാരൻ എന്നർത്ഥമാകുന്നു.

(ഡി) "തർക്കം" എന്നാൽ ആക്റ്റിന്റെ 10-ാം വകുപ്പ് (1) -ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന ഒരു തർക്കം എന്നർത്ഥമാകുന്നു.

(ഇ) "ഡിവിഷൻ" എന്നാൽ ഒരു ഫോറസ്റ്റ് ഡിവിഷൻ എന്നർത്ഥമാകുന്നു.

(എഫ്) "ഫാറം" എന്നാൽ ഈ ചട്ടങ്ങളിൽ അനുബന്ധമായുള്ള ഫാറം എന്നർത്ഥമാകുന്നു.

(ജി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു.

(എച്ച്) "സ്ഥായിയായ ദേഹണ്ഡങ്ങൾ" എന്നാൽ കൈവശ വസ്തുവിന്റെ മൂല്യം വർദ്ധിപ്പിക്കുന്ന ഏതെങ്കിലും ജോലിയോ, ജോലിയുടെ ഫലമോ എന്നർത്ഥമാകുന്നതും, അതിൽ:—

(i) താമസത്തിനായി നിർമ്മിച്ച ഭവനങ്ങൾ, അതിന്റെ അനുബന്ധമായ കെട്ടിടങ്ങൾ, കളപ്പുരകൾ ;

(ii) ഗാർഹികാവശ്യത്തിനോ കൃഷി ആവശ്യത്തിനോ വെള്ളം സംഭരിച്ച് വിതരണം ചെയ്യുന്നതിനുവേണ്ടി പണിത കുളങ്ങൾ, കിണറുകൾ, കൽപ്പണി കയ്യാലകൾ, കല്ലടുക്കിയ കയ്യാലകൾ, തോടുകൾ, അണക്കെട്ടുകൾ മറ്റു പണികൾ തുടങ്ങിയവ ;

(iii) ജലസേചനത്തിനായി ഭൂമി തയ്യാറാക്കൽ;

(iv) കൃഷിഭൂമിയേയും കൃഷിക്ക് ഉപയോഗിക്കുന്ന പാഴ്ഭൂമിയേയും മണ്ണൊലിപ്പിൽ നിന്നോ വെള്ളം കൊണ്ടുള്ള നാശത്തിൽ നിന്നോ വെള്ളപ്പൊക്കത്തിൽ നിന്നോ നദികളുടെ കരയിടിച്ചിലിൽ നിന്നോ വെള്ളക്കെട്ടിൽ നിന്നോ സംരക്ഷിക്കാനും വീണ്ടെടുക്കാനുമായി ചെയ്യുന്ന ജല നിർഗമനങ്ങൾ;

(v) കാർഷികാവശ്യങ്ങൾക്കായുള്ള ഭൂമിയിലെ സ്ഥായിയായ ദേഹണ്ഡങ്ങൾ വിണ്ടെടുക്കൽ, വെടിപ്പാക്കൽ, വേലികെട്ട് എന്നിവയും;

(vi) മുൻപറഞ്ഞ ഏതെങ്കിലും ജോലികളുടെ പുതുക്കൽ അല്ലെങ്കിൽ പുനർനിർമ്മാണം അല്ലെങ്കിൽ അതിൽ മാറ്റം വരുത്തൽ, അല്ലെങ്കിൽ അതിനോട് കൂട്ടിചേർക്കൽ എന്നിവയും;

(vii) രാജകീയ വൃക്ഷങ്ങളായ ചന്ദനം, ഈട്ടി, തേക്ക് എന്നിവ ഒഴികെയുള്ള ഫല വൃക്ഷങ്ങളോ വിലപിടിപ്പുള്ള മറ്റു മരങ്ങളോ, ചെടികളോ നടുന്നതോ സംരക്ഷിക്കുന്നതോ പരിപാലിക്കുന്നതോ; ഉൾപ്പെടുന്നതുമാകുന്നു.

(ഐ) "വാസഗൃഹം" എന്നാൽ താമസത്തിനായി പണിതിട്ടുള്ളതും 2000 ജൂൺ 2-ാം തീയതിക്കു മുൻപുള്ള ഒരു തീയതി മുതൽ ഉടമസ്ഥന്റേയോ കൈവശക്കാരന്റേയോ തുടർച്ചയായ കൈവശത്തിലുണ്ടായിരുന്നതുമായ ഏതൊരു കെട്ടിടവും എന്നർത്ഥമാകുന്നു.

(ജെ) "ശുപാർശ" എന്നാൽ ആക്റ്റിന്റെ 15-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഉപദേശക സമിതിയുടെ ശുപാർശ എന്നർത്ഥമാകുന്നു.

(കെ) "വകുപ്പ്" എന്നാൽ ആക്റ്റിലെ വകുപ്പ് എന്നർത്ഥമാകുന്നു.

(എൽ) "വാസഗൃഹത്തിന്റെ ചുറ്റുമായി അതിന്റെ സൗകര്യപ്രദമായ ഉപയോഗത്തിന് ആവശ്യമായ പരിസരപ്രദേശങ്ങൾ" എന്നാൽ വാസഗൃഹത്തിനു ചുറ്റുമായി സ്ഥിതിചെയ്യുന്ന 0.5 ഹെക്ടർ വിസ്തീർണ്ണം വരുന്ന സ്ഥലം എന്നർത്ഥമാകുന്നു.

(എം) "വർക്കിംഗ് പ്ലാൻ ഓഫീസർ" എന്നാൽ റിസർവ്വ് വനപ്രദേശങ്ങളുടെയും സംരക്ഷിത പ്രദേശങ്ങളുടെയും കാര്യകർതൃത്വം നടത്തുന്നതിനുവേണ്ടി ആക്റ്റിന്റെ 16-ാം വകുപ്പിന്റെ ആവശ്യത്തിലേക്കായി നിയമിക്കപ്പെട്ട ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു.

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും ആക്റ്റിൽ അവയ്ക്ക് യഥാക്രമം നല്കിയിട്ടുള്ള അർത്ഥം ആയിരിക്കുന്നതാണ്.

## അദ്ധ്യായം-രണ്ട്

## ഉപദേശക സമിതി

3. ഉപദേശക സമിതിയാലുള്ള സ്ഥലത്തിന്റെ തിരിച്ചറിയൽ.—ഉപദേശക സമിതിക്ക് പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങൾ തിരിച്ചറിയുന്നതിനായി ആക്റ്റിന്റെ കീഴിലുള്ള നടപടിക്രമങ്ങൾക്ക് രൂപം നല്കാവുന്നതും അനുവർത്തിക്കാവുന്നതുമാണ്. ആക്റ്റിലെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള പ്രഖ്യാപനത്തിനായി സമിതി അത്തരം ഭൂപ്രദേശം സർക്കാരിലേക്ക് ശുപാർശ ചെയ്തുകൊണ്ടുള്ള റിപ്പോർട്ട് നല്കേണ്ടതാണ്.

4. അനൗദ്യോഗികാംഗത്തിന്റെ കാലാവധി.—സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അനൗദ്യോഗിക അംഗത്തിന്റെ ഔദ്യോഗിക കാലാവധി നാമനിർദ്ദേശം ചെയ്യപ്പെടുന്ന തീയതി മുതൽ മൂന്ന് വർഷത്തേക്ക് ആയിരിക്കുന്നതാണ്. ഒരു യോഗത്തിനുള്ള സമിതിയുടെ ക്വാറം ചെയർമാൻ ഉൾപ്പെടെ ഏഴായിരിക്കുന്നതാണ്.

5. ഭൂഉടമയ്ക്കുള്ള നോട്ടീസ്.—ഏതെങ്കിലും ഭൂപ്രദേശം പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമാണെന്ന് പ്രഖ്യാപിക്കുന്നതിനുള്ള ശുപാർശ ലഭിക്കുന്നതിന്മേൽ സർക്കാർ അപ്രകാരം ബോധ്യപ്പെടുന്നപക്ഷം ആക്റ്റിലെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രസ്തുത ഭൂപ്രദേശം പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ പ്രദേശമല്ലെന്ന് പ്രഖ്യാപിക്കാതിരിക്കാനുള്ള കാരണം കാണിക്കുന്നതിന് 30 ദിവസത്തിനകം ഭൂവുടമയ്ക്കും കൈവശക്കാരനും നോട്ടീസ് നല്കേണ്ടതാണ്.

6. അവകാശ വാദങ്ങളിന്മേലും/ആക്ഷേപങ്ങളിന്മേലും ഉള്ള അന്വേഷണം.—(1) 5-ാം ചട്ടപ്രകാരം നൽകിയിട്ടുള്ള നോട്ടീസ് ലഭിച്ചശേഷം ഉടമസ്ഥനോ, കൈവശക്കാരനോ അല്ലെങ്കിൽ യഥാവിധി അധികാരപ്പെടുത്തിയ ഏജന്റോ അവകാശവാദങ്ങളോ അല്ലെങ്കിൽ ആക്ഷേപങ്ങളോ എന്തെങ്കിലും ഉണ്ടെങ്കിൽ ഒരു സ്റ്റേറ്റ്മെന്റ് 30 ദിവസത്തിനകം സർക്കാരിന് രേഖാമൂലം നല്കേണ്ടതാണ്.

(2) ആക്ഷേപങ്ങൾ ഫയൽ ചെയ്തിട്ടുള്ള സംഗതികളിൽ സർക്കാർ അത്തരം ആക്ഷേപങ്ങളിൽ യഥാവിധിയുള്ള അന്വേഷണങ്ങൾ സൂക്ഷിപ്പുകാരൻ മുഖേന നടത്തേണ്ടതും ആയതിന്മേൽ ഒരു റിപ്പോർട്ട് വാങ്ങേണ്ടതുമാണ്. സൂക്ഷിപ്പുകാരന്റെ റിപ്പോർട്ട് സർക്കാർ പരിശോധിക്കേണ്ടതും ഉടമസ്ഥന് അത് അയച്ചുകൊടുക്കേണ്ടതും ആണ്.

(3) നോട്ടീസിൽ പ്രസ്താവിച്ചിട്ടുള്ള സമയത്തിനുള്ളിൽ ഏതെങ്കിലും ഭൂമിയെ സംബന്ധിച്ച് യാതൊരാക്ഷേപവും ബോധിപ്പിച്ചിട്ടില്ലെങ്കിൽ മേൽപ്പറഞ്ഞ പ്രകാരം ആക്ഷേപം തീർപ്പാക്കുന്നതിന്മേൽ സർക്കാർ ആക്റ്റിലെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ആ പ്രദേശം പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശമാണെന്ന് ഗസറ്റ് വിജ്ഞാപനത്തിലൂടെ പ്രഖ്യാപിക്കേണ്ടതാണ്.

7. വസ്തു നിക്ഷിപ്തമാക്കൽ.—(1) ആക്ഷേപങ്ങൾ തീർപ്പാക്കിയശേഷം അപ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ട വസ്തുവിന്റെ ജില്ല, താലൂക്ക്, വില്ലേജ്, സർവ്വേ നമ്പർ, സ്ഥാനം, ഡിവിഷന്റെ പേര്, റെയിഞ്ച്, വിസ്തീർണ്ണം, അതിരുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ട് ആക്റ്റിലെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ ഒരു ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ്.

(2) അപ്രകാരം പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിന്റെ ഒരു പകർപ്പ് വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ്, ട്രൈബ്യൂണൽ ഓഫീസ്, ഫോറസ്റ്റ് റെയിഞ്ച് ഓഫീസ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഓഫീസ്, സൂക്ഷിപ്പുകാരന്റെ ഓഫീസ്, ബന്ധപ്പെട്ട സബ്ബ് രജിസ്ട്രാറുടെ ഓഫീസ് എന്നിവിടങ്ങളിൽ ഒരേസമയം പ്രദർശിപ്പിക്കേണ്ടതാണ്.

(3) സൂക്ഷിപ്പുകാരൻ ആക്റ്റിലെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം ആ പ്രദേശത്ത് ഏറ്റവും അധികം പ്രചാരം ഉള്ള രണ്ടു ദിനപ്പത്രങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

(4) നിക്ഷിപ്തമാക്കപ്പെട്ട പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ കാര്യകർത്തൃത്വം.—സംസ്ഥാന സർക്കാർ 1961-ലെ കേരള വനം ആക്റ്റ് (1962-ലെ 4)-ലെ വ്യവസ്ഥകൾ പ്രകാരം പരിസ്ഥിതി തുലനാവസ്ഥ നിലനിർത്തുന്നതിനും പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശത്തെ സസ്യവർഗ്ഗങ്ങളെയും ജന്തുവർഗ്ഗങ്ങളെയും അപ്രകാരം സംരക്ഷിക്കുന്നതിനുമായി കാര്യകർത്തൃത്വം നടത്തേണ്ടതുമാണ്.

## അദ്ധ്യായം-മൂന്ന്

## അതിർത്തികൾ നിർണ്ണയിക്കൽ

8. അതിർത്തികൾ നിർണ്ണയിക്കൽ.—(1) 3-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള എല്ലാ ഭൂപ്രദേശങ്ങളുടെയും അതിർത്തി, ഈ ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തി രണ്ടു വർഷത്തിനകം തന്നെ സൂക്ഷിപ്പുകാരൻ അതിർത്തിയിലുടനീളം സ്ഥിരമായ ജണ്ടകൾ സ്ഥാപിച്ച് വേർതിരിക്കേണ്ടതാണ്.

(2) ആക്റ്റിലെ 4-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഏതെങ്കിലും ഭൂപ്രദേശ അതിർത്തി തർക്ക ഭൂമിയെ സംബന്ധിച്ച അപ്രകാരമുള്ള വിജ്ഞാപനത്തിന്റെ തീയതി മുതൽ രണ്ടുവർഷ കാലയളവിനുള്ളിൽ സൂക്ഷിപ്പുകാരൻ അതിർത്തികളിൽ ഉടനീളം സ്ഥിരമായ ജണ്ടകൾ കെട്ടി ചെയ്യിക്കേണ്ടതാണ്. എന്നാൽ എന്തെങ്കിലും തക്കതായ കാരണത്താൽ ഈ സമയപരിധിക്കുള്ളിൽ അതിർത്തി നിർണ്ണയം നടത്താൻ സാധിക്കാതെ വന്നാൽ അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്ന ന്യായമായ സമയം ദീർഘിപ്പിച്ചു നല്കുവാൻ സൂക്ഷിപ്പുകാരനെ അധികാരപ്പെടുത്തിയിരിക്കുന്നു.

(3) പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ സർവ്വെ നമ്പരും സബ് ഡിവിഷൻ നമ്പർ ഏതെങ്കിലും ഉണ്ടെങ്കിൽ അതും അതിരുകൾ വിവരിച്ചുകൊണ്ടുള്ള തദ്ദേശ നാമവും കാണിക്കുന്ന വിശദമായ ഒരു വിജ്ഞാപനം വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ്, ട്രൈബ്യൂണൽ ഓഫീസ്, വനം റെയിഞ്ച് ഓഫീസ്/ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, സൂക്ഷിപ്പുകാരന്റെ ഓഫീസ്, ബന്ധപ്പെട്ട സബ്ബ് രജിസ്ട്രാറുടെ ഓഫീസ് എന്നിവിടങ്ങളിലും, ആ പ്രദേശത്ത് വ്യാപകമായ പ്രചാരമുള്ള രണ്ട് ദിനപ്പത്രങ്ങളിലും ഒരേസമയം പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

## അദ്ധ്യായം-നാല്

## നഷ്ടപരിഹാരം തീരുമാനിക്കുന്നതിനുള്ള സമിതി

9. സമിതിയുടെ രൂപവല്ക്കരണം.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ആക്റ്റിലെ 4-ാം വകുപ്പിലെ 4-ാം ഉപവകുപ്പുപ്രകാരം, നിക്ഷിപ്തമാക്കപ്പെട്ട ഭൂമിയുടെ ഉടമസ്ഥർക്ക് നൽകേണ്ടതായ നഷ്ടപരിഹാരം തീരുമാനിക്കുന്നതിനുള്ള സമിതിയെ ഓരോ ഡിവിഷനുകളിലേക്കും രൂപവൽക്കരിക്കാവുന്നതാണ്.

(2) സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

(i) ഭൂമി ഏത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അധികാര പരിധിക്കുള്ളിൽ സ്ഥിതിചെയ്യുന്നുവോ അദ്ദേഹം സമിതി കൺവീനറായിരിക്കേണ്ടതും യോഗത്തിൽ അദ്ധ്യക്ഷം വഹിക്കേണ്ട തുമാണ് ;

(ii) ബന്ധപ്പെട്ട ജില്ലയിലെ കൃഷി ജോയിന്റ് ഡയറക്ടർ ;

(iii) ആ പ്രദേശത്തെ പൊതുമരാമത്ത് (കെട്ടിട വിഭാഗം) എക്സിക്യൂട്ടീവ് എൻജിനീയർ ;

(iv) ഭൂമി സ്ഥിതിചെയ്യുന്നത് ആരുടെ അധികാര പരിധിയിലാണോ അവിടത്തെ ബന്ധപ്പെട്ട താലൂക്ക് തഹസിൽദാർ ;

(v) ജില്ലയിലെ മണ്ണ് സംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർ ;

(vi) നാമനിർദ്ദേശം ചെയ്യപ്പെടുന്ന വനം-വന്യജീവി വകുപ്പിലെ അണ്ടർ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ ;

(vii) നാമനിർദ്ദേശം ചെയ്യപ്പെടുന്ന ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ.

(3) (1)-ാം ഉപചട്ടപ്രകാരം രൂപവൽക്കരിക്കപ്പെട്ട സമിതി ഓരോ സംഗതിയും പരിഗണിക്കുന്നതിന് എപ്പോഴൊക്കെ യോഗം വിളിക്കുന്നുവോ അപ്പോഴൊക്കെ സമ്മേളിക്കേണ്ടതും യോഗം സാധാരണയായി ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഓഫീസിൽ വച്ച് നടത്തേണ്ടതുമാണ്.

10. സമിതിയുടെ ക്വാറം.—സമിതിയുടെ ക്വാറം ചെയർമാൻ ഉൾപ്പെടെ നാല് ആയിരിക്കുന്നതും ഭൂരിപക്ഷത്തിന്റെ തീരുമാനം സമിതിയുടെ ശുപാർശയായി കരുതേണ്ടതുമാണ്.

11. സമിതി നടത്തുന്ന സ്ഥലപരിശോധന.—(1) സ്ഥലത്തിന്റെയും, സ്ഥലത്ത് ഉടമസ്ഥൻ നടത്തിയിട്ടുള്ള സ്ഥായിയായ ദേഹണ്ഡങ്ങളുടെയും വില നിശ്ചയിക്കുന്നതിന് ഉചിതമെന്ന് തോന്നുന്ന തരത്തിലുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനായി സമിതി സ്ഥല പരിശോധന നടത്തേണ്ടതാണ്.

(2) അവിടെ കാണുന്ന ഭൂമിയിൽ സ്വാഭാവികമായി വളരുന്നതല്ലാത്ത മരങ്ങളുടെയും ചെടികളുടെയും സ്വഭാവവും വ്യാപ്തിയും കൂടി സമിതി രേഖപ്പെടുത്തണം.

12. മൂല്യനിർണ്ണയ റിപ്പോർട്ട്.—(1) സമിതി സ്ഥലം പരിശോധിക്കേണ്ടതും ഉടമസ്ഥൻ നടത്തിയിട്ടുള്ള ഭൗതികമായ ദേഹണ്ഡങ്ങളുടെ വിവരങ്ങൾ തിട്ടപ്പെടുത്തുന്നതിന് യുക്തവും ശരിയുമായ മാതൃകയോ/നിദർശനമോ എടുക്കുകയോ അല്ലെങ്കിൽ സ്ഥിതിവിവര കണക്കുകളുടെ അപഗ്രഥനം നടത്തുകയോ, ചെയ്യേണ്ടതാണ്. സ്ഥലപരിശോധനയുടെയും വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമിയിൽ നിന്നും ശേഖരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ സമിതി ഭൂവിലയ്ക്കും സ്ഥായിയായ ദേഹണ്ഡങ്ങൾക്കുമുള്ള നഷ്ടപരിഹാരമായി ഉടമസ്ഥന് നല്കേണ്ട ന്യായമായ തുക കാണിച്ചുകൊണ്ടുള്ള ഒരു മൂല്യനിർണ്ണയ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്.

(2) സമിതി സ്ഥലത്തിന്റെ മൂല്യനിർണ്ണയം നടത്തുമ്പോൾ ബന്ധപ്പെട്ട സ്ഥലത്തെ തഹസിൽദാർ ആ യോഗത്തിൽ നിർബന്ധമായും ഹാജരായിരിക്കേണ്ടതാണ്.

(3) സ്ഥായിയായ ദേഹണ്ഡങ്ങളുടെ വില നിർണ്ണയിക്കപ്പെടുന്ന സമിതി യോഗത്തിൽ ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) എക്സിക്യൂട്ടീവ് എൻജിനീയർ തീർച്ചയായും ഹാജരായിരിക്കേണ്ടതാണ്.

13. തിട്ടപ്പെടുത്തിയ നഷ്ടപരിഹാരം സൂക്ഷിപ്പുകാരനെ അറിയിച്ചിരിക്കേണ്ടതാണ്.—അഭിപ്രായം ആരാഞ്ഞുകൊണ്ടുള്ള ഒരു സംഗതി ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ സമിതി നടത്തിയ മൂല്യനിർണ്ണയത്തെക്കുറിച്ചുള്ള വിശദമായ ഒരു റിപ്പോർട്ട് സൂക്ഷിപ്പുകാരന് അയച്ചുകൊടുക്കേണ്ടതാണ്.

14. സർക്കാരിലേക്കുള്ള ശുപാർശ.—നഷ്ടപരിഹാരം നിർണ്ണയിച്ചുകൊണ്ട് 13-ാം ചട്ടം പ്രകാരമുള്ള സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്നതിന്മേൽ സൂക്ഷിപ്പുകാരൻ അത് പരിശോധിക്കേണ്ടതും തന്റെ വിശദമായ അഭിപ്രായത്തോടുകൂടി നാല്പത്തിയഞ്ച് ദിവസത്തിനുള്ളിൽ സർക്കാരിലേക്ക് അയച്ചുകൊടുക്കേണ്ടതുമാണ്. നൽകേണ്ടതായ നഷ്ടപരിഹാര തുകയിൽ അതിനുള്ള കാരണങ്ങൾ പറഞ്ഞുകൊണ്ട് സൂക്ഷിപ്പുകാരന് ഭേദഗതി നിർദ്ദേശിക്കാവുന്നതുമാണ്.

15. നൽകേണ്ട നഷ്ടപരിഹാരത്തുക.—സൂക്ഷിപ്പുകാരനിൽ നിന്നും ശുപാർശ ലഭിച്ചാൽ, സർക്കാർ, അതിൽ ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള തുക പരിശോധിച്ച്, ഉടമസ്ഥന് നൽകേണ്ട നഷ്ടപരിഹാരം സംബന്ധിച്ച് ആറ് മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

എന്നാൽ, രേഖപ്പെടുത്തുന്ന മതിയായ കാരണങ്ങളാൽ സൂക്ഷിപ്പുകാരനോ സമിതിയോ ശുപാർശ ചെയ്തിട്ടുള്ള നഷ്ടപരിഹാരത്തുകയിൽ ഭേദഗതി വരുത്തുന്നതിന് സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

16. നഷ്ടപരിഹാരത്തുക നൽകേണ്ട രീതി.—(1) ഉടമസ്ഥന് നൽകേണ്ട നഷ്ടപരിഹാരത്തുകയ്ക്കുള്ള മതിയായ ഫണ്ട് പ്രത്യേകം അക്കൗണ്ട് ഹെഡ്ഡിൽ സർക്കാർ അനുവദിക്കേണ്ടതാണ്.

(2) 1-ാം ഉപചട്ടത്തിൻ പ്രകാരം നിക്ഷിപ്തമാക്കപ്പെട്ട പരിസ്ഥിതിശാസ്ത്രപരമായി ദുർബ്ബലമായ ഭൂമിയെ സംബന്ധിച്ച, തുക ലഭിക്കുന്നതിന്മേൽ, സൂക്ഷിപ്പുകാരൻ ആരുടെ പ്രാദേശിക അധികാരപരിധിക്കുള്ളിലാണോ വസ്തു സ്ഥിതി ചെയ്യുന്നത് ആ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ഉടമസ്ഥന് നൽകുന്നതിനുവേണ്ടി അയച്ചുകൊടുക്കേണ്ടതാണ്.

## അദ്ധ്യായം-അഞ്ച്

## വിജ്ഞാപനം പുനഃപരിശോധിക്കുന്നതിനുള്ള അപേക്ഷ

17. ഉടമസ്ഥൻ ഒഴിവാക്കലിനുള്ള അവകാശവാദം ഉന്നയിക്കുന്നതിന് അപേക്ഷിക്കണമെന്ന്.—(1) ആക്ടിലെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള ഏതെങ്കിലും ഭൂമിയുടെ ഏതെങ്കിലും ഉടമസ്ഥനോ അല്ലെങ്കിൽ കൈവശമോ അനുഭവമോ ആയ അവകാശമുള്ള ഏതെങ്കിലും ആളോ സൂക്ഷിപ്പുകാരൻ മുമ്പാകെ, പ്രസ്തുത വിജ്ഞാപനം സൂക്ഷ്മ പരിശോധന നടത്തുന്നതിനും, പ്രസ്തുത സ്ഥലം ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം പരിസ്ഥിതിശാസ്ത്രപരമായി ദുർബ്ബലമായ ഭൂമിയായി പ്രഖ്യാപിക്കാൻ യോഗ്യമായ സ്ഥലമാണോ എന്ന് തീരുമാനിക്കുന്നതിന്, സ്ഥലത്തിന്റെ സ്ഥാനം, വിസ്തൃതി, സർവ്വെ നമ്പർ, കൃഷി ചെയ്തിട്ടുള്ള വിളകൾ എന്നിവ സംബന്ധിച്ച വിശദവിവരം നൽകിക്കൊണ്ട് അപേക്ഷ നൽകേണ്ടതാണ്.

(2) (1)-ാം ഉപചട്ടത്തിൻ കീഴിൽ ഫയൽ ചെയ്ത ഓരോ അപേക്ഷയോടുമൊപ്പം താഴെപ്പറയുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്:—

(എ) ഭൂമിയുടെ ഉടമസ്ഥതയോ അല്ലെങ്കിൽ കൈവശമോ അല്ലെങ്കിൽ അനുഭവമോ തെളിയിക്കുന്നതിനുള്ള രേഖകളും.

(ബി) ഈ ആക്റ്റിൻ കീഴിൽ ഒഴിവാക്കപ്പെട്ടിട്ടുള്ള വിളകൾ കൃഷി ചെയ്ത ഭൂമിയാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകളും;

(സി) താമസത്തിനുള്ള കെട്ടിടം ഏതെങ്കിലും ഉണ്ടെങ്കിൽ ആയത് തെളിയിക്കുന്നതിനുള്ള രേഖകളും അതിന്റെ വിശദാംശങ്ങളും;

(ഡി) അപേക്ഷയിൽ സൂചിപ്പിക്കുന്ന വിവരങ്ങൾ പരിശോധിക്കുന്നതിന് ആവശ്യമായേക്കാവുന്ന മറ്റേതെങ്കിലും രേഖകളും;

(3) (1)-ാം ഉപചട്ടത്തിൻ കീഴിലുള്ള ഓരോ അപേക്ഷയോടും കൂടെ അപേക്ഷകൻ സമർപ്പിച്ചിട്ടുള്ള രേഖകളും അതോടൊപ്പം സൂചിപ്പിച്ചിരിക്കുന്ന വിവരങ്ങളും സത്യവും നിയമാനുസൃതവുമാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള സത്യവാങ്മൂലവും നൽകേണ്ടതാണ്.

(4) (1)-ാം ഉപചട്ടത്തിൻ കീഴിലുള്ള ഓരോ അപേക്ഷയും നൂറ് രൂപയുടെ കോർട്ട് ഫീസ് സ്റ്റാമ്പ് സഹിതം ആയിരിക്കേണ്ടതാണ്.

18. ഭൂമിയുടെ പരിശോധന.—(1) 17-ാം ചട്ടത്തിൻ കീഴിൽ അപേക്ഷ ലഭിക്കുന്നതിന്മേൽ കഴിയുന്നത്രവേഗം സൂക്ഷിപ്പുകാരൻ താഴെപ്പറയുന്ന അംഗങ്ങളുള്ള ഒരു സമിതി മുഖേന, സ്ഥലപരിശോധന നടത്തേണ്ടതാണ്;

(എ) ഭൂമി സ്ഥിതിചെയ്യുന്നത് ആരുടെ അധികാര പരിധിയിലാണോ, അതതു സംഗതിപോലെ, അവിടത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അല്ലെങ്കിൽ വൈൽഡ് ലൈഫ് വാർഡൻ, ഇദ്ദേഹം സമിതി കൺവീനർ ആയി പ്രവർത്തിക്കേണ്ടതാണ്.

(ബി) ആ പ്രദേശത്തെ വനം കൺസർവേറ്ററുടെ സാങ്കേതിക സഹായി.

(സി) വർക്കിംഗ് പ്ലാൻ ഓഫീസർ.

(2) സൂക്ഷിപ്പുകാരനിൽ നിന്നും ഭൂമിയുടെ തദ്ദേശീയമായ പരിശോധന നടത്തുന്നതിനുള്ള ഉത്തരവ് ലഭിച്ച തീയതി മുതൽ ഒരു മാസത്തിനുള്ളിൽ സമിതി അപേക്ഷ ഫയൽ ചെയ്തത് ഏത് ഭൂമിയെ സംബന്ധിച്ചാണോ ആ ഭൂമി പരിശോധിക്കേണ്ടതും, വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശം ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായാണോ, അല്ലയോ എന്ന റിപ്പോർട്ട് തയ്യാറാക്കേണ്ടതും, ആയത് ഒരു മാസത്തിനുള്ളിൽ സൂക്ഷിപ്പുകാരന് നൽകേണ്ടതുമാണ്.

19. കൂടുതൽ അന്വേഷണങ്ങൾ നടത്തുന്നതിന് സൂക്ഷിപ്പുകാരനുള്ള അധികാരം.—18-ാം ചട്ടത്തിൻ കീഴിൽ, സമിതിയുടെ റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ, സൂക്ഷിപ്പുകാരന് ആവശ്യമാണെങ്കിൽ ഉചിതമെന്ന് കരുതാവുന്ന കൂടുതൽ അന്വേഷണങ്ങൾ നടത്തിക്കാവുന്നതും മറ്റ് രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെടാവുന്നതുമാണ്.

20. പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിക്കൽ.—(1) സൂക്ഷിപ്പുകാരൻ, ലഭിച്ച അപേക്ഷയിൽ പരാമർശിച്ചിരിക്കുന്ന വിവരങ്ങളും അതോടൊപ്പം ഹാജരാക്കപ്പെട്ട രേഖകളും ചട്ടം 18 പ്രകാരം സമിതി സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ച ശേഷവും അദ്ദേഹത്തിന് ആവശ്യമെന്നു തോന്നുന്ന അത്തരം കൂടുതൽ അന്വേഷണങ്ങൾക്ക്

ശേഷവും വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമിയോ, അതിന്റെ ഭാഗമോ ആക്ടിലെ വ്യവസ്ഥകൾക്ക് അസംഗതമാണെന്ന് ബോധ്യപ്പെടുന്നപക്ഷം അത്തരം ഭൂമിയോ, അതിന്റെ ഭാഗമോ ആക്ട് പ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ടിട്ടില്ലെന്ന് ഒരു പ്രഖ്യാപനം രേഖാമൂലം നടത്തേണ്ടതും അതനുസരിച്ച് 17-ാം ചട്ടപ്രകാരം അപേക്ഷ ലഭിച്ച തീയതി മുതൽ മൂന്ന് മാസത്തിനകം ഒരു പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുമാണ്:

എന്നാൽ, വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമിയെ സംബന്ധിച്ച് ഒരു പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിക്കേണ്ട സംഗതിയിൽ സൂക്ഷിപ്പുകാരൻ അത്തരം ഭൂമിയുടെ ഒരു സർവ്വേയും അതിർത്തി നിർണ്ണയവും നടത്തുവാൻ ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.

(2) പുതുക്കിയ വിജ്ഞാപനത്തിന്റെ ഒരു പകർപ്പ് അപേക്ഷകന് അയച്ചുകൊടുക്കേണ്ടതാണ്.

(3) ചട്ടം 20 ഉപചട്ടം (1) പ്രകാരമുള്ള സൂക്ഷ്മപരിശോധനയിൽ, വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമി, ആക്ടിന്റെ വ്യവസ്ഥകളുമായി സംഗതമാണെന്ന് സൂക്ഷിപ്പുകാരന് ബോദ്ധ്യപ്പെടുന്നപക്ഷം അദ്ദേഹം ആയത് സംബന്ധിച്ച് ഒരു പ്രഖ്യാപനം രേഖാമൂലം നടത്തേണ്ടതും ആയത് അപേക്ഷകനെ അറിയിക്കേണ്ടതും ആണ്.

21. സൂക്ഷിപ്പുകാരൻ സ്വമേധയാ നടത്തുന്ന പുനഃപരിശോധന.—18, 19, 20 എന്നീ ചട്ടങ്ങളിലും 7-ാം ചട്ടത്തിന്റെ (1)-ഉം (2)-ഉം ഉപചട്ടങ്ങളിലും നിർണ്ണയിച്ചിട്ടുള്ള നടപടിക്രമം, ആക്ടിലെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനങ്ങൾ സൂക്ഷിപ്പുകാരൻ സ്വമേധയാ സൂക്ഷ്മപരിശോധന നടത്തുന്ന എല്ലാ സംഗതികളിലും ബാധകമാകുന്നതാണ്.

## അദ്ധ്യായം-ആറ്

## കാര്യകർതൃത്വ പദ്ധതി തയ്യാറാക്കൽ

22. കാര്യകർതൃത്വ പദ്ധതി തയ്യാറാക്കൽ.—സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന എല്ലാ പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ കാര്യകർതൃത്വ പദ്ധതി, ആ പ്രദേശം അധികാര പരിധിയിൽ വരുന്ന ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ/വർക്കിംഗ് പ്ലാൻ ഓഫീസറോ തയ്യാറാക്കേണ്ടതാണ്. സംസ്ഥാന സർക്കാരും ഭാരത സർക്കാരിന്റെ വനം പരിസ്ഥിതി മന്ത്രാലയവും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കുനുസൃതമായി കാര്യകർതൃത്വ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഇപ്രകാരം തയ്യാറാക്കുന്ന കാര്യകർതൃത്വ പദ്ധതി പുനരവലോകനം ചെയ്യുന്നതിനായി സൂക്ഷിപ്പുകാരന് സമർപ്പിക്കേണ്ടതും ആയത് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ്.

## അദ്ധ്യായം-ഏഴ്

## ആക്റ്റ് നടപ്പാക്കുന്നതിന് ആവശ്യമായ നിധി

23. ആക്റ്റ് നടപ്പാക്കുന്നതിന് ആവശ്യമായ നിധി.—(1) ആക്റ്റിന്റെയും അതിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളുടെയും താഴെപ്പറയുന്ന കാര്യങ്ങളുടെയും നടത്തിപ്പിനാവശ്യമായ നിധി സർക്കാർ ഒരു പ്രത്യേക അക്കൗണ്ട് ഹെഡിൽ അനുവദിക്കുന്നതാണ്.

(എ) ഉടമസ്ഥന് വിധിയായിട്ടുള്ള നഷ്ടപരിഹാരം നല്കൽ

(ബി) സർവ്വേ, അതിർത്തി നിർണ്ണയം, അതിർത്തി ഏകീകരിക്കൽ തുടങ്ങിയവ

(സി) സൂക്ഷിപ്പുകാരന്റെയും വനം ട്രൈബ്യൂണലിന്റെയും ആഫീസ് ചെലവുകൾ

(ഡി) മോട്ടോർ വാഹനങ്ങൾ

(ഇ) യാത്രാപ്പടി

(എഫ്) കാര്യകർതൃത്വ പദ്ധതി തയ്യാറാക്കൽ

(ജി) ആക്റ്റും അതിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളും നടപ്പിലാക്കുന്നതിനാവശ്യമായ മറ്റേതെങ്കിലും പ്രവർത്തനങ്ങൾക്കും.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**എൽ. രാധാകൃഷ്ണൻ,**
*സെക്രട്ടറി,*
*വനം-വന്യജീവി വകുപ്പ്.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല)

2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്ടിലെ 18-ാം വകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, പ്രസ്തുത ആക്ടിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി 2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ചട്ടങ്ങൾ ഉണ്ടാക്കുവാൻ തീരുമാനിച്ചു.

ഈ ലക്ഷ്യം നിറവേറ്റാനുദ്ദേശിച്ചുകൊണ്ടുള്ളതാണ് മേൽ പറഞ്ഞ വിജ്ഞാപനം.

GOVERNMENT OF KERALA

**Forest and Wildlife (E) Department**

NOTIFICATION

G. O. (P) No. 3/2007/F&WLD. *Dated, Thiruvananthapuram, 3rd February, 2007.*

**S. R. O. No. 107/2007**.— In exercise of the powers conferred by section 18 of the Kerala Forest (Vesting and Management of Ecologically Fragile Lands) Act, 2003 (21 of 2005), the Government of Kerala hereby make the following Rules, namely:—

## RULES

### Chapter I

### PRELIMINARY

1. *Short title and commencement*.—(1) These rules may be called the Kerala Forest (Vesting and Management of Ecologically Fragile Lands) Rules, 2007.

(2) These shall come into force at once.

2. *Definitions*.—(1) In these rules unless the context otherwise requires,—

(a) "Act" means the Kerala Forest (Vesting and Management of Ecologically Fragile Lands) Act, 2003 (21 of 2005);

(b) "compensation" means any amount granted in respect of the land vested including the permanent improvements thereon under section 8 of the Act.

(c) "custodian" means custodian as defined under clause (a) of section 2 of the Act;

(d) "dispute" means a dispute referred to in sub-section (1) of section 10 of the Act;

(e) "division" means a Forest Division;

(f) "Form" means the form appended to these rules;

(g) "Government" means the Government of Kerala;

(h) “permanent improvements” means any work or products of work which add the value of the holding and includes,—

(i) the erection of dwelling houses, buildings, appartment thereto and farm buildings;

(ii) the construction of tanks, wells, masonry kayyalas, random rubble kayyalas, channels, dams and other works for the storage or supply of water for agricultural or domestic purposes;

(iii) the preparation of land for irrigation;

(iv) the drainage, reclamation from rivers or other waters or protection from floods or from erosion or other damage by water, of land used for agricultural purposes, or of waste land which is cultivated;

(v) the reclamation, clearance, enclosure or for permanent improvement of land for agricultural purposes;

(vi) the renewal or reconstruction of any of the foregoing works or alterations therein or additions thereto; and

(vii) the planting or protection and maintenance of fruit bearing trees and other valuable trees and plants except royal trees such as Sandalwood, Rosewood and Teak.

(i) “residential house” means any building constructed for the purpose of residence and which has been in continuous occupation of the owner or possessor from a date prior to the 2nd day of June, 2000;

(j) “recommendation” means the recommendation submitted by the Advisory Committee constituted under section 15 of the Act;

(k) “section” means section of the Act;

(l) “surroundings essential for the convenient use of residential building” means an area of 0.5 hectares surrounding the residential building;

(m) “working plan officer” means an officer appointed for the purpose of section 16 of the Act for the management of reserved forest areas and protected areas.

(2) Words and expressions used but not defined in these rules but defined in the Act shall have the meaning respectively assigned to them in the Act.

## Chapter II

## THE ADVISORY COMMITTEE

3. *Identification of land by the Advisory Committee.*—The Advisory Committee may formulate and follow procedure under the Act for the identification of the ecologically fragile lands. The Committee shall forward their report along with the recommendation to the Government for the declaration of such lands under sub-section (1) of section 4 of the Act.

4. *Term of office of the Non-official Member*.— Term of office of the nominated non-official member shall be for period of 3 years from the date of nomination. The quorum for a meeting of the Committee shall be seven including the Chairman.

5. *Notice to the Land Owner.*—On receipt of the recommendation to declare any land as ecologically fragile, the Government, if satisfied on the recommendations, shall cause to issue a notice to the owner or possessor of the land giving 30 days time, to show cause for not declaring the land as ecologically fragile as provided under sub-section (1) of section 4 of the Act.

6. *Enquiry into Claims/Objections*.—(1) After the receipt of the notice issued under rule 5, the owner or possessor or duly authorized agent shall file a statement of claims or objections if any, in writing to the Government within a period of 30 days.

(2) In cases where objections have been filed, the Government shall duly cause enquiries into such objections through the custodian and obtain a report on the same. The Government shall examine the report of the custodian and shall pass orders, as it consider necessary on the objections and communicate the same to the owner.

(3) If no objection is filed in respect of any land within the time stipulated in the notice, or on disposal of the objections as above, the Government shall by notification in the Gazette declare the land as an ecologically fragile land under sub-section (1) of section 4 of the Act.

7. *Vesting of Property*.— (1) After the disposal of the objections, the Government shall issue a notification under sub-section (1) of section 4 in the Gazette specifying the District, Taluk, Village, survey number, location, name of division, range, extent and the boundaries of the property so vested in Government.

(2) A copy of notification so published shall simultaneously be displayed in the Village Office, Panchayat Office, Office of the Tribunal, Forest Range Office, Office of the Divisional Forest Officer, the Office of the Custodian and the Office of the Sub-Registrar concerned.

(3) The custodian shall cause to publish the notification, as published under sub-section (1) of section 4 in two newspapers having wide circulation in the locality.

(4) The ecologically fragile lands vested in Government under section 3 and 4 of the Act shall be deemed to be Reserve Forest and will be managed by the State Government under the provisions of the Kerala Forest Act, 1961 (Act 4 of 1962) for maintaining the ecological balance and preserving the flora and fauna of the ecologically fragile forest lands as such.

## Chapter III

## DEMARCATION OF BOUNDARIES

8. *Demarcation of Boundaries*.—(1) All the lands notified under sub-section (2) of section 3 shall be demarcated by the custodian by erecting permanent cairns along the boundaries within a period of two years from the date of publication of these Rules.

(2) The custodian shall cause the demarcation of the boundaries of any ecologically fragile land notified under section 4 within a period of 2 years from the date of such notification for the land in question by erecting permanent cairns along the boundaries. If for any valid reasons the demarcation could not be done within the time frame, the custodian is empowered to grant reasonable extension of time as he deems fit.

(3) A notification specifying the details of ecologically fragile land, the boundaries of which have been demarcated such as survey and sub division number if any and local name and describing its boundaries shall immediately be published simultaneously in the Village Office, Panchayat Office, Office of the Tribunal, Forest Range Office, Office of the Divisional Forest Officer, the Office of the Custodian and the Office of the Sub Registrar concerned and two Dailies having wide circulation in the area.

## CHAPTER IV

## COMMITTEE FOR DETERMINATION OF THE COMPENSATION

9. *Constitution of the Committee.*—(1) The Government may by notification in the Gazette, constitute a Committee in every Division for determining the compensation payable to the land owners whose land has been vested under sub-section (4) of Section 4 of the Act.

(2) the Committee shall consist of the following members, namely:—

(i) the Divisional Forest Officer within whose jurisdiction the land is situated shall be the convener and shall preside over the meeting;

(ii) the Joint Director of Agriculture of the District concerned;

(iii) the Executive Engineer (Building Division), Public Works Department of the area;

(iv) the Tahsildar of the Taluk concerned under whose jurisdiction the land situates;

(v) the Deputy Director, Soil Conservation of the District;

(vi) an Officer not below the rank of an Under Secretary to Government, Forest and Wildlife Department to be nominated;

(vii) an Officer not below the rank of an Under Secretary to Government, Finance Department to be nominated.

(3) The Committee constituted under sub-rule (1) shall meet as and when the meeting is called for by the convener to consider each case. The meeting shall normally be held in the Office of the Divisional Forest Officer, concerned.

10. *Quorum of the Committee.*—The quorum of the Committee shall be four including the Chairman and the decision of the majority shall be treated as the recommendation of the Committee.

11. *Local inspection by the Committee.*—(1) The Committee shall inspect the land and collect such details as it thinks fit for assessing the value of the land and the permanent improvements made thereon by the owner.

(2) The Committee shall also record the nature and the extent of the trees and plants, which are not being the natural tree growths found therein.

12. *Report of Valuation.*—(1) The Committee shall inspect the land and take samples or specimen or conduct statistical analysis as it thinks fit and proper for assessing the physical improvements made by the owner. Based on

local inspection and the details collected from the notified land, the Committee shall prepare a report of valuation indicating the reasonable amount payable as compensation to the owner towards the land value and permanent improvements.

(2) When the committee is assessing the land value it is mandatory that the Tahsildar of the concerned area should be present in its meeting.

(3) In case of assessing value of permanent improvements the concerned Executive Engineer (Building Division), Public Works Department should be present in the committee meeting.

13. *Compensation assessed to be reported to the custodian.*—The Committee shall forward a detailed report of valuation assessed by it to the custodian within three months from the date of reference of a case to it.

14. *Recommendation to Government.*—On receipt of the report of valuation of compensation from the Committee under rule 13 the Custodian shall verify the report and forward the same to the Government within 45 days with his detailed remarks. The custodian may suggest modification of the amount of compensation payable detailing the reasons thereof.

15. *Quantum of compensation to be paid.*—The Government on receipt of the recommendation of the custodian shall examine the quantum of amount recommended and passed orders on the compensation payable to the owner of the land within a period of six months.

Provided that the Government shall have power to modify the amount of compensation recommended by the Custodian or the Committee for valid reasons to be recorded in writing.

16. *Mode of payment of compensation.*—(1) The Government shall allot sufficient funds under separate heads of account for the payment of compensation awarded to the owner.

(2) On receipt of the amount under sub-rule (1) in respect of the land vested, the custodian shall forward the same to the Divisional Forest Officer concerned within whose territorial jurisdiction the property is situated, for payment to the owners.

## Chapter V

## APPLICATION FOR REVIEW OF NOTIFICATION

17. *Owner claiming exemption to apply.*—(1) Any owner or any person having the right of possession or enjoyment of any land notified under sub-section (1) of section 3 of the Act may file an application before the custodian giving details of the location, extent, survey number, crops cultivated etc.;

seeking a scrutiny of the notification and to decide whether such land qualify to be notified as ecologically fragile in accordance with the provisions of the Act.

(2) Every application filed under sub-rule (1) shall be accompanied by the following documents :

(a) documents to prove ownership or possession or enjoyment of the land;

(b) documents to prove that the land is cultivated by such crops that are exempted under the Act;

(c) documents to prove the existence of a residential building if any, with the details thereof;

(d) any other documents as may be necessary for the verification of the particulars mentioned in the application.

(3) Every application under sub-rule (1) shall be accompanied by an affidavit certifying that the records produced along with the application and the particulars mentioned therein are true and valid.

(4) Every application under sub-rule (1) shall be accompanied by a court fee stamp of Rupees One Hundred.

18. *Inspection of the land.*—(1) On receipt of the application under rule 17 the custodian shall as soon as possible cause a local inspection of the land through a committee consisting of the following members :

(a) Divisional Forest Officer of the Territory where the land situates or Wildlife Warden having jurisdiction of the area, as the case may be, who shall act as the convener of the Committee ;

(b) The Technical Assistant of the Conservator of Forests of the area ;

(c) The Working Plan Officer ;

(2) The Committee shall inspect the land in respect of which application has been filed and shall prepare a report as to whether the notified area is consistent with the provisions of this Act or not, and submit the same to the custodian within one month from the date of receipt of the order from the custodian for local inspection of the land.

19. *The Power of the Custodian to make additional enquiries.*—On receipt of report of the Committee under rule 18, if required, the custodian may cause further enquiries and call for further records, as he deems fit.

20. *Issue of Revised Notification.*—(1) The custodian, after verification of the particulars mentioned in the application and the documents produced along with the same and after considering the report of the Committee under rule 18 and after such further enquiry as he deems necessary, if satisfied that the land notified, or part thereof; is inconsistent with the provisions of the Act, shall by order make a declaration in writing that such land or part thereof is not vested in the Government as per the Act and issue a revised notification within three months from the date of receipt of an application under rule 17 accordingly :

Provided that in case a revised notification is to be issued in respect of the land notified the custodian shall arrange a survey and demarcation of such land before issuing the revised notification.

(2) A copy of the revised notification shall be communicated to the applicant.

(3) If on scrutiny as per sub-rule (1) of rule 20, the custodian finds that the land notified is consistent with the provisions of the Act, he shall make a declaration to that effect in writing and communicate the same to the applicant.

21. *Suo-motu revision by the Custodian.*—The procedure prescribed above in rules 18, 19 and 20 and sub-rules (1) and (2) of rule 7 is applicable in all cases of suo-motu scrutiny of the notifications issued under sub-section (1) of section 3 of the Act by the custodian.

## CHAPTER VI

## PREPARATION OF MANAGEMENT PLAN

22. *Preparation of Management Plan.*—The Management Plan for all the Ecologically Fragile Lands vested in the Government shall be prepared by the Divisional Forest Officer/Working Plan Officer under whose jurisdiction the area situates. The Management Plan shall be prepared as per the guidelines fixed by the State Government and Ministry of Environment and Forests, Government of India from time to time. The Management Plan so prepared shall be submitted to the Custodian for review and submission to Government for approval.

## CHAPTER VII

## FUND FOR IMPLEMENTATION OF THE ACT

23. *Funds for Implementation of the Act.*—(1) Government shall allot necessary funds under a separate heads of account for implementing the Act and the Rules issued thereunder including:

(a) Payment of compensation awarded to the owner.

(b) Survey and demarcation, Boundary consolidation etc.

(c) Office expenses for Custodian's Office and Forest Tribunal.

(d) Motor vehicles.

(e) Travelling expenses.

(f) Preparation of Management Plan.

(g) Any other activities to be carried out for implementation of the Act and the Rules issued thereunder.

By order of the Governor,

L. RADHAKRISHNAN,
*Secretary to Government.*

**Explanatory Note**

(This does not form part of the Notification)

In exercise of the powers conferred by section 18 of Kerala Forest (Vesting and Management of Ecologically Fragile Lands) Act, 2003 (Act 21 of 2005) the Government of Kerala decided to make Kerala Forest (Vesting and Management of Ecologically Fragile Lands) Rules, 2003 to carry out the purpose of the said Act. The above Notification is intended to achieve this purpose.

GOVERNMENT OF KERALA

**Forest and Wildlife (E) Department**

NOTIFICATION

G. O. (P) No. 11/2007/F&WLD. *Dated, Thiruvananthapuram, 8th March, 2007.*

**S. R. O. No. 234/2007**.— In exercise of the powers conferred under clause (a) of Section 2 of the Kerala Forest (Vesting and Management of Ecologically Fragile Lands) Act, 2003 (21 of 2005), the Government of Kerala hereby appoint Sri. V. Gopinathan, I.F.S., Chief Conservator of Forests as the Custodian of Ecologically Fragile Lands to excercise the powers and to perform the functions of the Custodian under this Act in the place of Sri K. P. Ouseph, I.F.S., Chief Conservator of Forests appointed as Custodian by the notification issued under G. O. (P) No. 97/05/F&WLD dated the 23rd November, 2005 and published as S.R.O. No. 1030/2005 in the Kerala Gazette Extraordinary No. 2524, dated the 24th November 2005.

By order of the Governor,

L. RADHAKRISHNAN,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

The Kerala Forests (Vesting and Management of Ecologically Fragile Lands) Act, 2003 (21 of 2005) provide for the vesting of ecologically fragile lands in the State of Kerala to the Government with a view to protect and maintain ecological balance of such lands conserving the bio-diversity and to empower the Government to appoint an officer not below the rank of Conservator of Forests as Custodian of Ecologically Fragile Lands to exercise the power and perform the functions under the Act. In exercise of the said powers Government have decided to appoint Sri. V. Gopinathan, I.F.S., Chief Conservator of Forests as the Custodian of Ecologically Fragile Lands in the place of

Sri. K. P. Ouseph, I.F.S., Chief Conservator of Forests appointed by the notification issued under G. O. (P) No. 97/05/F&WLD dated the 23rd November 2005 and published as S.R.O. No. 1030/2005 in the Kerala Gazette Extraordianry No. 2524, dated the 24th November 2005.

This notification is intended to achieve the above purpose.

## കേരള സർക്കാർ

വനം-വന്യജീവി (ഇ) വകുപ്പ്

## വിജ്ഞാപനം

സ. ഉ. (പി) നമ്പർ 11/2007/വനം. തിരുവനന്തപുരം, 2007 മാർച്ച്, 8.

**എസ്. ആർ. ഒ. നമ്പർ 234/2007.**—2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്ട് (2005-ലെ 21-ാം ആക്റ്റ്)-ന്റെ 2-ാം വകുപ്പ് (എ) ഖണ്ഡപ്രകാരം നിക്ഷിപ്തമാക്കപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് 2005 നവംബർ 23-ാം തീയതിയിലെ സ. ഉ. (പി) നമ്പർ 97/05/വനം ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2005 നവംബർ 24-ാം തീയതിയിലെ 2524-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 1030/2005 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപന പ്രകാരം, സൂക്ഷിപ്പുകാരനായി നിയമിതനായ മുഖ്യവനപാലകൻ ശ്രീ. കെ. പി. ഔസേഫ്, ഐ.എഫ്.എസ്.-നുപകരം മുഖ്യവനപാലകൻ ശ്രീ. വി. ഗോപിനാഥൻ, ഐ.എഫ്.എസ്.-നെ പ്രസ്തുത ആക്റ്റ് പ്രകാരമുള്ള സൂക്ഷിപ്പുകാരന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി കേരള സർക്കാർ ഇതിനാൽ നിയമിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എൽ. രാധാകൃഷ്ണൻ,
*സെക്രട്ടറി,*
*വനം-വന്യജീവി വകുപ്പ്.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തിന്നതിന് ഉദ്ദേശിച്ചുള്ളതാണ്.)

2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്റ്റ് (2005-ലെ 21-ാം ആക്റ്റ്), കേരള സംസ്ഥാനത്തെ പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങൾ സർക്കാരിൽ നിക്ഷിപ്തമാക്കി അത്തരം ഭൂമിയുടെ ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും ആയതിലേക്കായി വനപാലകന്റെ പദവിയിൽ കുറയാത്ത ഒരാളെ പ്രസ്തുത ആക്റ്റ് പ്രകാരമുള്ള സൂക്ഷിപ്പുകാരന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി നിയമിക്കുന്നതിന് സർക്കാരിന് അധികാരം നൽകുന്നു. പ്രസ്തുത അധികാരം വിനിയോഗിച്ച് 2005 നവംബർ 23-ാം തീയതിലെ സ.ഉ. (പി) നമ്പർ 97/05/വനം ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2005 നവംബർ 24-ാം തീയതിയിലെ 2524-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 1030/2005 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം നിയമിതനായ മുഖ്യവനപാലകൻ ശ്രീ. കെ. പി. ഔസേഫിനെ മുഖ്യവനപാലകനായ ശ്രീ. വി. ഗോപിനാഥൻ, ഐ.എഫ്.എസ്.-നെ പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ സൂക്ഷിപ്പുകാരനായി നിയമിക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

കേരള സർക്കാർ

വനം-വന്യജീവി (ഇ) വകുപ്പ്

## വിജ്ഞാപനം

സ. ഉ. (പി) നമ്പർ 64/2007/വനം. തിരുവനന്തപുരം, 2007 ഒക്റ്റോബർ 10.

**എസ്. ആർ. ഒ. നമ്പർ 837/2007.**—2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്റ്റിലെ (2005-ലെ 21) 9-ാം വകുപ്പ് 5-ാം ഉപവകുപ്പും 18-ാം വകുപ്പും പ്രകാരം നല്കപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ ഇതിനാൽ താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത് :—

## ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2007-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ചട്ടങ്ങൾ എന്ന് പേർ പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ചട്ടങ്ങളിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "ആക്റ്റ്" എന്നാൽ 2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്റ്റ് (2005-ലെ 21) എന്നർത്ഥമാകുന്നു ;

(ബി) "നഷ്ടപരിഹാരം" എന്നാൽ ആക്റ്റിന്റെ 8-ാം വകുപ്പ് പ്രകാരം സ്ഥായിയായ ദേഹണ്ഡങ്ങൾ ഉൾപ്പെടെ സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ട ഭൂമിയെ സംബന്ധിച്ച് അനുവദിക്കുന്ന ഏതൊരു തുകയും എന്നർത്ഥമാകുന്നു ;

(സി) "സൂക്ഷിപ്പുകാരൻ" എന്നാൽ ആക്റ്റിന്റെ 2-ാം വകുപ്പ് (എ) ഖണ്ഡത്തിൽ നിർവ്വചിച്ചിരിക്കുന്ന പ്രകാരമുള്ള സൂക്ഷിപ്പുകാരൻ എന്നർത്ഥമാകുന്നു ;

(ഡി) "തർക്കം" എന്നാൽ ആക്റ്റിന്റെ 10-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന ഒരു തർക്കം എന്നർത്ഥമാകുന്നു ;

(ഇ) "ഡിവിഷൻ" എന്നാൽ ഒരു ഫോറസ്റ്റ് ഡിവിഷൻ എന്നർത്ഥമാകുന്നു.

(എഫ്) "ഫാറം" എന്നാൽ ഈ ചട്ടങ്ങളിൽ അനുബന്ധമായുള്ള ഫാറം എന്നർത്ഥമാകുന്നു ;

(ജി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(എച്ച്) "സ്ഥായിയായ ദേഹണ്ഡങ്ങൾ" എന്നാൽ കൈവശ വസ്തുവിന്റെ മൂല്യം വർദ്ധിപ്പിക്കുന്ന ഏതെങ്കിലും ജോലിയോ, ജോലിയുടെ ഫലമോ എന്നർത്ഥമാകുന്നതും, അതിൽ,—

(i) താമസത്തിനായി നിർമ്മിച്ച ഭവനങ്ങൾ, അതിന്റെ അനുബന്ധമായ കെട്ടിടങ്ങൾ, കളപ്പുരകൾ ;

(ii) ഗാർഹികാവശ്യത്തിനോ കൃഷി ആവശ്യത്തിനോ വെള്ളം സംഭരിച്ച് വിതരണം ചെയ്യുന്നതിനുവേണ്ടി പണിത കുളങ്ങൾ, കിണറുകൾ, കൽപ്പണി കയ്യാലകൾ, കല്ലടുക്കിയ കയ്യാലകൾ, തോടുകൾ, അണക്കെട്ടുകൾ, മറ്റു പണികൾ തുടങ്ങിയവ ;

(iii) ജലസേചനത്തിനായി ഭൂമി തയ്യാറാക്കൽ;

(iv) കൃഷിഭൂമിയേയും കൃഷിക്ക് ഉപയോഗിക്കുന്ന പാഴ്ഭൂമിയേയും മണ്ണൊലിപ്പിൽ നിന്നോ വെള്ളം കൊണ്ടുള്ള നാശത്തിൽ നിന്നോ വെള്ളപ്പൊക്കത്തിൽ നിന്നോ നദികളുടെ കരയിടിച്ചിലിൽ നിന്നോ വെള്ളക്കെട്ടിൽ നിന്നോ സംരക്ഷിക്കാനും വീണ്ടെടുക്കാനുമായി ചെയ്യുന്ന ജലനിർഗമനങ്ങൾ ;

(v) കാർഷികാവശ്യങ്ങൾക്കായുള്ള ഭൂമിയിലെ സ്ഥായിയായ ദേഹണ്ഡങ്ങൾ വിണ്ടെടുക്കൽ, വെടിപ്പാക്കൽ, വേലികെട്ട് എന്നിവയും ;

(vi) മുൻപറഞ്ഞ ഏതെങ്കിലും ജോലികളുടെ പുതുക്കൽ അല്ലെങ്കിൽ പുനർനിർമ്മാണം അല്ലെങ്കിൽ അതിൽ മാറ്റം വരുത്തൽ, അല്ലെങ്കിൽ അതിനോട് കൂട്ടിചേർക്കൽ എന്നിവയും ;

(vii) രാജകീയ വൃക്ഷങ്ങളായ ചന്ദനം, ഈട്ടി, തേക്ക് എന്നിവ ഒഴികെയുള്ള ഫലവൃക്ഷങ്ങളോ വിലപിടിപ്പുള്ള മറ്റു മരങ്ങളോ, ചെടികളോ നടുന്നതോ സംരക്ഷിക്കുന്നതോ പരിപാലിക്കുന്നതോ ; ഉൾപ്പെടുന്നതു മാകുന്നു.

(ഐ) "വാസഗൃഹം" എന്നാൽ താമസത്തിനായി പണിതിട്ടുള്ളതും 2000 ജൂൺ 2-ാം തീയതിക്കു മുൻപുള്ള ഒരു തീയതി മുതൽ ഉടമസ്ഥന്റേയോ കൈവശക്കാരന്റേയോ തുടർച്ചയായ കൈവശത്തിലുണ്ടായിരുന്നതുമായ ഏതൊരു കെട്ടിടവും എന്നർത്ഥമാകുന്നു.

(ജെ) "ശുപാർശ" എന്നാൽ ആക്റ്റിന്റെ 15-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഉപദേശക സമിതിയുടെ ശുപാർശ എന്നർത്ഥമാകുന്നു ;

(കെ) "വകുപ്പ്" എന്നാൽ ആക്റ്റിലെ വകുപ്പ് എന്നർത്ഥമാകുന്നു ;

(എൽ) "വാസഗൃഹത്തിന്റെ ചുറ്റുമായി അതിന്റെ സൗകര്യപ്രദമായ ഉപയോഗത്തിന് ആവശ്യമായ പരിസരപ്രദേശങ്ങൾ" എന്നാൽ വാസഗൃഹത്തിനു ചുറ്റുമായി സ്ഥിതിചെയ്യുന്ന 0.5 ഹെക്ടർ വിസ്തീർണ്ണം വരുന്ന സ്ഥലം എന്നർത്ഥമാകുന്നു ;

(എം) "ട്രൈബ്യൂണൽ" എന്നാൽ ആക്റ്റിലെ 9-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ രൂപീകരിച്ചിട്ടുള്ള ഒരു ട്രൈബ്യൂണൽ എന്നർത്ഥമാകുന്നു.

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും ആക്റ്റിൽ അവയ്ക്ക് യഥാക്രമം നല്കിയിട്ടുള്ള അർത്ഥം ആയിരിക്കുന്നതാണ്.

3. ട്രൈബ്യൂണലിനുള്ള അപേക്ഷ.—(1) 10-ാം വകുപ്പുപ്രകാരമുള്ള ഓരോ അപേക്ഷയും, "ഫോറം എ" യിൽ അഞ്ഞൂറ് രൂപ ഫീസും എതിർകക്ഷികൾക്ക് നൽകുന്നതിന് അപേക്ഷയുടെയും രേഖകളുടെയും ആവശ്യമായ അത്രയും എണ്ണം പകർപ്പുകളും സഹിതം സൂക്ഷിപ്പുകാരന്റെ തീരുമാനത്തിനുശേഷം മൂന്ന് മാസത്തിനകമോ, അല്ലെങ്കിൽ 8-ാം വകുപ്പ് പ്രകാരം നഷ്ടപരിഹാരം സംബന്ധിച്ച അറിയിപ്പ് ലഭിച്ച് ആറ് മാസത്തിനകമോ അതതു സംഗതിപോലെ ട്രൈബ്യൂണൽ മുൻപാകെ സമർപ്പിക്കേണ്ടതാണ് :

എന്നാൽ സൂക്ഷിപ്പുകാരൻ തീർപ്പുകൽപ്പിച്ച പരാതികളെ സംബന്ധിച്ച്, അപ്രകാരമുള്ള അപേക്ഷകൾ ഈ ചട്ടങ്ങൾ വിജ്ഞാപനം ചെയ്ത് മൂന്ന് മാസത്തിനകം ട്രൈബ്യൂണലിന് സമർപ്പിക്കേണ്ടതാണ്.

(2) സൂക്ഷ്മപരിശോധനയിൽ ന്യൂനതകൾ ഉള്ളതായി കാണുന്ന ഒരപേക്ഷ, രണ്ടാഴ്ചയ്ക്കപ്പുറമല്ലാത്ത വിനിർദ്ദേശിക്കപ്പെട്ട ഒരു സമയത്തിനുള്ളിൽ ന്യൂനതകൾ പരിഹരിച്ചശേഷം പുനർസമർപ്പണത്തിനായി ട്രൈബ്യൂണൽ മടക്കി നൽകേണ്ടതാണ്.

4. നോട്ടീസ് കൊടുക്കൽ.—ട്രൈബ്യൂണലിന് യഥാവിധി ഒരു അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ, അപേക്ഷയുടെയും രേഖകളുടെയും ഓരോ പകർപ്പ് സഹിതം ഫോറം ബി യിൽ എതിർകക്ഷികൾക്ക് നോട്ടീസ് കൊടുക്കേണ്ടതും നോട്ടീസിൽ വിനിർദ്ദേശിച്ചിരിക്കുന്ന ദിവസം ട്രൈബ്യൂണലിനു മുമ്പാകെ ഹാജരായി അപേക്ഷകന്റെ കേസ് വാദിക്കുന്നതിന് നിർദ്ദേശിക്കേണ്ടതുമാണ്.

5. സർക്കാരിനെയും, സൂക്ഷിപ്പുകാരനെയും കക്ഷി ചേർക്കണമെന്ന്.—ട്രൈബ്യൂണലിന്റെ മുമ്പാകെയുള്ള ഓരോ അപേക്ഷയിലും സർക്കാരിനെയും സൂക്ഷിപ്പുകാരനെയും കക്ഷി ചേർക്കേണ്ടതാണ്.

6. പൊതുവായിട്ടുള്ള നടപടിക്രമങ്ങൾ.—ആക്റ്റിലോ, ഈ ചട്ടങ്ങളിലോ മറ്റു വിധത്തിൽ ആവശ്യപ്പെടാത്തിടത്തോളം ട്രൈബ്യൂണൽ മുമ്പാകെയുള്ള എല്ലാ നടപടിക്രമങ്ങളിലും, അത് പ്രാവർത്തികമാക്കാൻ കഴിയുന്നിടത്തോളം, 1908-ലെ സിവിൽ നടപടിക്രമങ്ങളിലോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ അപേക്ഷകളെ സംബന്ധിച്ച് നിർണ്ണയിച്ചിട്ടുള്ള നടപടിക്രമങ്ങൾ ബാധകമായിരിക്കുന്നതാണ്.

7. കക്ഷികളുടെ ഹാജരാകലും വിസ്താരവും.—(1) ട്രൈബ്യൂണൽ മുമ്പാകെ കക്ഷികൾക്ക് ഹാജരാകുന്നതിനോ, അപേക്ഷ സമർപ്പിക്കുന്നതിനോ, മറ്റ് ആവശ്യമായ പ്രവർത്തികൾ അല്ലെങ്കിൽ ചുമതലപ്പെടുത്തിയ പ്രവൃത്തികൾ നടത്തുന്നതിനോ ചെയ്യുന്നതിനോ കക്ഷികൾക്ക് നേരിട്ടോ അല്ലെങ്കിൽ അയാൾക്കുവേണ്ടി ചുമതലപ്പെടുത്തിയ ഒരു അഭിഭാഷകൻ മുഖേനയോ നടത്താവുന്നതോ ചെയ്യാവുന്നതോ ആണ്.

(2) അഭിഭാഷകൻ മുഖേന ഒരു കക്ഷി ഹാജരാകുമ്പോൾ, സംസ്ഥാനത്തെ ഒരു സിവിൽ കോടതിയിൽ വക്കാലത്ത് സമർപ്പിക്കുന്നതിലേക്കായി നിർണ്ണയിച്ചിട്ടുള്ള വക്കാലത്ത് ഫോറത്തിൽ യഥാവിധി ഒപ്പിട്ട് തീയതിവച്ച് സാക്ഷ്യപ്പെടുത്തി സ്വീകരിച്ച് മതിയായ കോർട്ടു ഫീ സ്റ്റാമ്പ് പതിച്ച് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്യേണ്ടതാണ്.

എന്നാൽ, ട്രൈബ്യൂണൽ അപ്രകാരം നിർദ്ദേശിക്കുന്നപക്ഷം അങ്ങനെയുള്ള ഏതെങ്കിലും ഹാജരാകൽ കക്ഷി നേരിട്ട് ചെയ്യേണ്ടതാണ്.

(3) അപേക്ഷയിലെ എതിർകക്ഷികൾ, ട്രൈബ്യൂണൽ അപ്രകാരം ആവശ്യപ്പെടുന്ന പക്ഷം ആദ്യവിചാരണയിലോ അതിനുമുമ്പോ, അല്ലെങ്കിൽ ട്രൈബ്യൂണൽ അങ്ങനെ കൂടുതലായി അനുവദിച്ചു നൽകുന്ന സമയത്തിനകമോ അപേക്ഷയിൽ ഉന്നയിച്ചിട്ടുള്ള അവകാശവാദങ്ങളെ സംബന്ധിക്കുന്ന ഒരു പത്രിക ഫയൽ ചെയ്യേണ്ടതും അങ്ങനെയുള്ള ഏതെങ്കിലും പത്രിക രേഖകളുടെ ഭാഗമായി തീരുന്നതുമാണ്.

(4) അപേക്ഷയിലെ എതിർകക്ഷികൾ തർക്കത്തെപ്പറ്റി എതിർവാദം നടത്തുകയും പത്രിക ഫയൽ ചെയ്യാതിരിക്കുകയുമാണെങ്കിൽ തുടർന്ന് ട്രൈബ്യൂണലിന് കക്ഷികളെ വിസ്തരിക്കാവുന്നതും കക്ഷികളെ വിസ്തരിച്ചുകൊണ്ട് നടപടിക്രമങ്ങൾ ചുരുക്കേണ്ടതുമാണ്.

8. ട്രൈബ്യൂണലിൽ ഹാജരാകാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ.—(1) ട്രൈബ്യൂണൽ മുമ്പാകെ ഏതെങ്കിലും അന്വേഷണത്തിന് ഹാജരാകാൻ സൂക്ഷിപ്പുകാരന് സാധിക്കാതെ വന്നാൽ ടിയാൻ പ്രസ്താവിക്കാൻ ഉദ്ദേശിക്കുന്ന ഏതെങ്കിലും കാര്യങ്ങൾ ലിഖിതമാക്കി ഹാജരാക്കുവാൻ ഉദ്ദേശിക്കുന്ന ഏതെങ്കിലും രേഖകളോടൊപ്പം ട്രൈബ്യൂണലിന് അയച്ചുകൊടുക്കേണ്ടതാണ്.

(2) മുകളിലെ (1)-ാം ഉപചട്ടത്തിൻകീഴിൽ സൂക്ഷിപ്പുകൾ ട്രൈബ്യൂണൽ മുമ്പാകെ ഏതെങ്കിലും പ്രസ്താവന അയച്ചുകൊടുത്തിട്ടുള്ളിടത്ത് ആവശ്യമെങ്കിൽ അത് വിശദീകരിക്കുവാൻ, വനം റെയിഞ്ചാഫീസർ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കാവുന്നതാണ്.

(3) സർക്കാർ കക്ഷിയായിട്ടുള്ള കേസ്സുകളിൽ, സർക്കാർ അംഗീകരിച്ച വസ്തുതാവിവരണ പത്രിക ലഭ്യമാക്കുമ്പോൾ സർക്കാരിനും സൂക്ഷിപ്പുകാരനുംവേണ്ടി എതിർസത്യവാങ്മൂലങ്ങൾ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഒപ്പിട്ട് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്യേണ്ടതാണ്.

9. വനം ഉദ്യോഗസ്ഥന് ഉന്നത അധികാരികളോട് കൂടിയാലോചിക്കുന്നതിന് സമയം അനുവദിക്കാമെന്ന്.—ട്രൈബ്യൂണൽ മുമ്പാകെ ഏതെങ്കിലും അന്വേഷണ വിചാരണയ്ക്കായി ഹാജരാകുന്ന വനം ഉദ്യോഗസ്ഥന് അപേക്ഷ വാദം കേൾക്കുന്ന അവധിയെയോ തീയതിയെയോ സംബന്ധിക്കുന്ന വിവരങ്ങൾ നൽകേണ്ടതും, അങ്ങനെയുള്ള വനം ഉദ്യോഗസ്ഥന് സമുചിത ഉന്നത അധികാരികളോട് കൂടിയാലോചിക്കുന്നതിനുള്ള സമയം നൽകുന്നതിനുവേണ്ടി സൗകര്യപ്രദമാകുന്നിടത്തോളം അവധി നീട്ടി നൽകേണ്ടതുമാണ്.

10. സ്ഥലത്തുചെന്ന് പരിശോധന നടത്തുന്നത്.—(1) ട്രൈബ്യൂണൽ ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകിയതിനുശേഷം, അതിന്റെ മുമ്പാകെയുള്ള ഏതൊരു അന്വേഷണ വിചാരണ കാലയളവിലെ ഏതുസമയത്തും തർക്കഭൂമിയും സമീപപ്രദേശ ങ്ങളും സ്ഥലത്തുചെന്ന് പരിശോധന നടത്തുന്നതിലേക്കായി സന്ദർശിക്കാവുന്നതാണ്.

(2) ഏതെങ്കിലും സ്ഥലപരിശോധന നടത്തുന്നതിലേക്കായി ട്രൈബ്യൂണലിന് സ്ഥലം സ്ഥിതി ചെയ്യുന്ന ജില്ലയിലെ ഏതെങ്കിലും റവന്യൂ അല്ലെങ്കിൽ വനം ഉദ്യോഗ സ്ഥരുടെ സഹായം ആവശ്യപ്പെടാവുന്നതാണ്.

(3) മുകളിലെ (2)-ാം ഉപചട്ടത്തിൻകീഴിൽ റവന്യൂ അല്ലെങ്കിൽ വനം ഉദ്യോഗ സ്ഥരുടെ സഹായം ആവശ്യമുള്ളപ്പോൾ, പരിശോധന നടത്തുവാൻ തീരുമാനിച്ചിട്ടുള്ള തീയതിക്ക് ഒരാഴ്ച മുമ്പെങ്കിലും ബന്ധപ്പെട്ട ജില്ലാ കളക്ടറോട് ഇവരുടെ സേവനം ആവശ്യപ്പെടേണ്ടതും ജില്ലാ കളക്ടർ അതനുസരിച്ച് പ്രവർത്തിക്കേണ്ടതുമാണ്.

(4) അപേക്ഷയിലുള്ള ഏതെങ്കിലും കക്ഷിയോ അഥവാ അങ്ങനെയുള്ള കക്ഷിയുടെ ഏതെങ്കിലും പ്രതിനിധിയോ സ്ഥലപരിശോധനയിൽ ട്രൈബ്യൂണലിനെ അനുഗമിക്കാവുന്നതാണ്.

(5) ട്രൈബ്യൂണൽ സ്ഥലത്തുചെന്ന് പരിശോധന നടത്തിയതിനുശേഷം, നിരീക്ഷിക്കപ്പെട്ട വസ്തുതകൾ സംക്ഷിപ്തമായി ഒരു മെമ്മോറാണ്ടത്തിൽ രേഖപ്പെടുത്തേ ണ്ടതും അങ്ങനെയുള്ള മെമ്മോറാണ്ടം അന്വേഷണവിചാരണ രേഖകളുടെ ഭാഗമായി തീരുന്നതുമാണ്.

11. പരസ്പര ബന്ധമുള്ള കേസ്സുകളുടെ നടപടിക്രമം.—(1) ട്രൈബ്യൂണൽ മുമ്പാകെ ഒരേ വ്യവഹാരകാരണത്തിൽനിന്നും ഉത്ഭവിച്ച രണ്ടോ അതിലധികമോ കേസ്സു കൾ നിലവിലിരിക്കുമ്പോഴോ, അങ്ങനെയുള്ള രണ്ടോ അതിലധികമോ കേസ്സുകളിൽ ഉൾക്കൊള്ളുന്ന വിവാദവിഷയം പൊതുവായിരിക്കുമ്പോഴോ അങ്ങനെയുള്ള കേസ്സുകളിലെ വിവാദവിഷയവുമായി ബന്ധപ്പെട്ട തെളിവുകളെ സംബന്ധിച്ചിടത്തോളം അവ ഒരേ സമയം ഹിയറിംഗ് നടത്തേണ്ടതാണ്.

(2) മുകളിൽ (1)-ാം ഉപചട്ടത്തിൻകീഴിൽ നടപടിയെടുക്കുമ്പോൾ, പൊതുവായ വിവാദവിഷയത്തിന്മേലോ അഥവാ വിഷയങ്ങളിൽമേലോ ബാധകമായ തെളിവുകൾ ഒരു കേസിലെ രേഖയിൽ രേഖപ്പെടുത്തേണ്ടതും, ട്രൈബ്യൂണൽ അങ്ങനെയുള്ള ഏതെങ്കിലും മറ്റ് കേസ്സിന്റെ രേഖകളിൽ അതിന്റെ കൈയൊപ്പോടുകൂടി അപ്രകാരം രേഖപ്പെടുത്തിയ തെളിവുകൾ അങ്ങനെയുള്ള മറ്റ് കേസ്സിൽ എത്രമാത്രം പ്രായോഗികമാണെന്നും അങ്ങനെ യുള്ള മറ്റ് കേസ്സിലെ കക്ഷികൾക്ക് ഹാജരാകുന്നതിനുള്ള അവസരവും അന്ന് ഹാജരാ യിരുന്നുവെങ്കിൽ സാക്ഷികളെ എതിർ വിസ്താരം ചെയ്യുവാനുമുള്ള അവസരം ഉണ്ടായി രുന്നുവെന്ന വസ്തുതയും സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

12. ഇടക്കാല ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് ട്രൈബ്യൂണലിനുള്ള അധികാരം.—ട്രൈബ്യൂണലിന് ആക്റ്റിലും, ഈ ചട്ടങ്ങളിലുമുള്ള വ്യവസ്ഥകൾ നടപ്പാക്കുന്ന ആവശ്യത്തിലേക്കായി ഇൻജംക്ഷനുകൾ അനുവദിക്കുന്നതിനും അതിന്

യുക്തമെന്ന് തോന്നുന്നതും നീതി നിർവ്വഹണത്തിന് ആവശ്യമുള്ളതുമായ അങ്ങനെയുള്ള മറ്റ് ഇടക്കാല ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതാണ്.

എന്നാൽ, സർക്കാരിനോ അല്ലെങ്കിൽ സൂക്ഷിപ്പുകാരനോ നോട്ടീസ് നൽകിയതിനും, ഹിയറിംഗ് നടത്തിയതിനുംശേഷമല്ലാതെ ട്രൈബ്യൂണൽ സ്വമേധയാ ഇൻജംക്ഷൻ അനുവദിക്കുകയോ അല്ലെങ്കിൽ മറ്റ് ഇടക്കാല ഉത്തരവുകൾ പുറപ്പെടുവിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

13. ട്രൈബ്യൂണലിലെ രജിസ്റ്ററുകൾ.—(1) ട്രൈബ്യൂണലിൽ താഴെപ്പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്, അതായത്.—

(എ) ഫോറം 'സി' യിലുള്ള ഒരു അപേക്ഷ രജിസ്റ്റർ ;

(ബി) ഫോറം 'ഡി' യിലുള്ള ഒരു ഡയറി രജിസ്റ്റർ ;

(സി) ഫോറം 'ഇ' യിലുള്ള ഒരു ഇടക്കാല അപേക്ഷ രജിസ്റ്റർ ;

(ഡി) ട്രൈബ്യൂണലിന് ആവശ്യമുണ്ടെന്ന് കരുതുന്ന മറ്റു രജിസ്റ്ററുകൾ ;

(2) ട്രൈബ്യൂണലിൽ ലഭിച്ചതും തീർപ്പാക്കിയതുമായ അപേക്ഷകരുടെയും അഥവാ ഇടക്കാല അപേക്ഷകളുടെയും വിശദവിവരങ്ങളും അങ്ങനെയുള്ള അപേക്ഷകളിൻമേലുള്ള ഉത്തരവുകളുടെ സാരാംശവും അതതു സംഗതിപോലെ അപേക്ഷ രജിസ്റ്ററിലും ഇടക്കാല അപേക്ഷ രജിസ്റ്ററിലും ഉൾപ്പെടുത്തേണ്ടതാണ്.

(3) ട്രൈബ്യൂണൽ തീർപ്പാക്കിയിട്ടുള്ള ഇടക്കാല അപേക്ഷകൾ ഉൾപ്പെടെയുള്ള ഓരോ അപേക്ഷകളിലെയും ഉത്തരവുകളുടെ പകർപ്പുകൾ സർക്കാരിലേക്ക് അയച്ചുകൊടുക്കേണ്ടതാണ്.

(4) ട്രൈബ്യൂണൽ മുമ്പാകെ ലഭിച്ചിട്ടുള്ള ഇടക്കാല അപേക്ഷകൾ ഉൾപ്പെടെയുള്ള എല്ലാ അപേക്ഷകളുടെയും അതിൻമേലുള്ള ഉത്തരവുകളുടെയും സാരാംശം ഡയറി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

(5) ഡയറി രജിസ്റ്ററിൽ ഓരോ അപേക്ഷയേയും അല്ലെങ്കിൽ ഇടക്കാല അപേക്ഷയേയും സംബന്ധിച്ചുള്ള സംക്ഷിപ്തവും വിശ്വാസപൂർണ്ണവുമായ ഉൾക്കുറിപ്പുകൾ, അങ്ങനെയുള്ള അപേക്ഷകളുടെ നടപടിയാരംഭം മുതൽ അന്തിമ തീർപ്പാക്കി അവസാനിക്കുന്നതുവരെയുള്ള അവസ്ഥയും രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**എൽ. രാധാകൃഷ്ണൻ,**
*സെക്രട്ടറി.*

## ഫോറം (എ)

[ചട്ടം 3 (1) കാണുക]

**അപേക്ഷയുടെ മാതൃക**

| | | |
|---|---|---|
| (എ) | അപേക്ഷകരുടെ/അവകാശികളുടെ (പൂർണ്ണമായ മേൽവിലാസം സഹിതം) പേര്/പേരുകൾ/ | : |
| | എതിർകക്ഷി/കക്ഷികൾ ആയി ചേർത്ത അല്ലെങ്കിൽ രേഖയിൽ ഉൾപ്പെടുത്തിയ വ്യക്തി/വ്യക്തികൾ എന്നിവരുടെ പേര്/പേരുകൾ (പൂർണ്ണ മായ മേൽവിലാസം സഹിതം) | : |
| (ബി) | അപേക്ഷയിൽ ഉൾപ്പെട്ടിട്ടുള്ള വസ്തു വിന്റെ വിവരണം വിസ്തീർണ്ണം സഹിതം (ഹെക്ടറിൽ) | : |
| | സർവ്വേ നമ്പർ | : |
| | വില്ലേജ് | : |
| | താലൂക്ക് | : |
| | ജില്ല | : |
| (സി) | വസ്തുവിൽ ലഭ്യമായ വൃക്ഷങ്ങളുടെ വിവരണം | : |
| (ഡി) | (i) തരിശുഭൂമി (ഹെക്ടറിൽ) | : |
| | (ii) വൃക്ഷാവൃതമായ പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടറിൽ) | : |
| | നട്ടു വളർത്തിയ പ്രദേശത്തിന്റെ വിസ്തീർണ്ണം | : |
| | സ്വാഭാവിക വളർച്ചാ പ്രദേശം | : |
| (ഇ) | പ്രസ്തുത ഭൂമിയിലുള്ള വാസസ്ഥാന ത്തിന്റെയോ അഥവാ ലഭ്യമായ മറ്റേ തെങ്കിലും കെട്ടിടങ്ങൾ (താമസക്കാ രുടെ പേരുകൾ സഹിതം) | : |
| (എഫ്) | അപേക്ഷകന്റെ ഉടമസ്ഥതയിൽ മറ്റ് വില്ലേജുകളിലോ/താലൂക്കുകളിലോ/ ജില്ലകളിലോ ഉള്ള കൃഷി ചെയ്തി ട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണം വിശദാംശങ്ങൾ | : |

(i) നഞ്ച കൃഷി നിലം :

(ii) കര-തോട്ടം വിളകളെ സംബന്ധിക്കുന്ന വിവരങ്ങൾ ഉൾപ്പെടെ :

(iii) തോട്ടവിളകൾ :

(iv) നാണ്യവിളകൾ :

(ജി) അപേക്ഷയ്ക്ക് ഉപോൽബലകമായി സമർപ്പിക്കുന്ന രേഖകളുടെ വിവരങ്ങൾ :

(എച്ച്) അപേക്ഷ ഫയൽ ചെയ്യുന്നതിനുള്ള കാരണം :

(ഐ) തർക്കവുമായി ബന്ധപ്പെട്ട മറ്റ് ഏതെങ്കിലും പ്രസക്തമായ വിവരങ്ങൾ :

(ജെ) അനുബന്ധ ഭൂമിയായി അവകാശപ്പെടുന്ന വിസ്തീർണ്ണം—ഈ അവകാശത്തിനായി കൃഷി ചെയ്യപ്പെട്ട വിസ്തീർണ്ണം :

## സത്യവാങ്മൂലം

മുകളിൽ പേര് നൽകിയിട്ടുള്ള അപേക്ഷകൻ/അപേക്ഷകർ/അവകാശവാദി/അവകാശവാദികൾ ആയ.............................................................................................ഞാൻ/ഞങ്ങൾ ഇതിനാൽ സത്യം ചെയ്തു പറയുന്നതെന്തന്നാൽ മുകളിൽ നൽകിയിട്ടുള്ള എല്ലാ വിവരങ്ങളും എന്റെ/ഞങ്ങളുടെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യവും ശരിയുമാണെന്ന് ഞാൻ/ഞങ്ങൾ സത്യപ്രസ്താവന ചെയ്യുന്നു.

സ്ഥലം : (ഒപ്പ്)

തീയതി : (അവകാശവാദി/അപേക്ഷകൻ)

## ഫോറം ബി

[ചട്ടം 4 കാണുക]

വനം ട്രൈബ്യൂണൽ മുമ്പാകെ...................................................................................
ഒ.എ. നമ്പർ........................................./2007.

അപേക്ഷകൻ

എതിർകക്ഷി

### എതിർകക്ഷി/കക്ഷികൾക്കുള്ള നോട്ടീസ്

മുകളിൽ പേര് പറയുന്ന അപേക്ഷകൻ/അപേക്ഷകർ 2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്റ്റ് (2005-ലെ 21)-ന്റെ.....................................വകുപ്പിൻ കീഴിൽ ഈ ട്രൈബ്യൂണൽ മുമ്പാകെ അപേക്ഷ സമർപ്പിച്ചിരിക്കുന്നതിനാൽ ;

മുകളിൽ പരാമർശിച്ചിട്ടുള്ള അപേക്ഷ.........................................................ദിവസം ........................മണിക്ക് താങ്കളുടെയോ അല്ലെങ്കിൽ യഥാവിധി ചുമതലപ്പെടുത്തിയ പ്രതിനിധിയുടെയോ ഹാജരിനായും, താങ്കളുടെ തടസ്സവാദങ്ങൾ ഏതെങ്കിലും ഉണ്ടെങ്കിൽ കേൾക്കുന്നതിനായും വച്ചിരിക്കുകയാണ് എന്നത് ഇതിനാൽ തെര്യപ്പെടുത്തുന്നു. മുകളിൽ പറഞ്ഞിരിക്കുന്ന തീയതിയിലോ അല്ലെങ്കിൽ അങ്ങനെ കൂടുതലായി ട്രൈബ്യൂണൽ അനുവദിച്ച സമയത്തിനുള്ളിലോ താങ്കൾ നേരിട്ടോ അല്ലെങ്കിൽ ഇതിനായി യഥാവിധി ചുമതലപ്പെടുത്തിയ പ്രതിനിധിയോ ഹാജരാകുന്നതിന് വീഴ്ച വരുന്നപക്ഷം പ്രസ്തുത അപേക്ഷ കേൾക്കുകയും താങ്കളുടെ അഭാവത്തിൽ എക്സ്പാർട്ടിയായി തീർപ്പാക്കുന്നതു മാണ്.

അപേക്ഷകൻ സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെയും രേഖകളുടെയും ഓരോ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഇന്നേ ദിവസം............................................................കൈയൊപ്പും ട്രൈബ്യൂണലിന്റെ ഓഫീസ് മുദ്രയും സഹിതം.

ഫോറസ്റ്റ് ട്രൈബ്യൂണൽ

സ്വീകർത്താവ്

എതിർകക്ഷി/കക്ഷികൾ

......................................എതിർകക്ഷി/കക്ഷികളുടെ പേര്, ഉദ്യോഗപ്പേര്.

## ഫോറം സി

[ചട്ടം 13 (1) കാണുക]

## അപേക്ഷ രജിസ്റ്റർ

200........ലെ അപേക്ഷ നമ്പർ..............................................ഹാജരാക്കിയത്

| അപേക്ഷകൻ/അവകാശവാദിക്കാരൻ (പേരും മേൽവിലാസവും) അഭിഭാഷകന്റെ പേര് | എതിർകക്ഷയുടെ (പേരും മേൽവിലാസവും) അഭിഭാഷകന്റെ പേര് | അവകാശത്തിന്റെ സംക്ഷിപ്തരൂപവും അപേക്ഷയുടെ മറ്റ് വിശദവിവരങ്ങളും | എതിർകക്ഷി ഹാജരായ തീയതി | ഉത്തരവിന്റെ സംക്ഷിപ്തവും അവസാന ഉത്തരവിന്റെ തീയതിയും | റവന്യൂ നമ്പരും ഫലവും തീയതിയും | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |

## ഫോറം (ഡി)

[ചട്ടം 13 (1) കാണുക]

## ഡയറി രജിസ്റ്റർ

200........ലെ..........................................നമ്പർ

| അപേക്ഷ തീയതി | അപേക്ഷയുടെ സംക്ഷിപ്തം | മാറ്റിവച്ച തീയതി | മാറ്റിവച്ചതിന്റെ ആവശ്യം | പുറപ്പെടുവിച്ച ഉത്തരവിന്റെ സംക്ഷിപ്തം | അന്തിമ ഉത്തരവിന്റെ തീയതി | ട്രൈബ്യൂണലിന്റെ ചുരുക്കൊപ്പ് |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |

## ഫോറം (ഇ)

[ചട്ടം 13 (1) കാണുക]

### ഇടക്കാല അപേക്ഷ രജിസ്റ്റർ

| അപേക്ഷ നമ്പർ | ഹാജരാക്കിയ തീയതി | പ്രധാന സംഗതി യുടെ നമ്പർ | അപേക്ഷകന്റെ പേര് | ഹർജിയിലെ പ്രധാന അഭ്യർത്ഥന | ആദ്യ ഉത്തരവ് തീയതി സഹിതം | അന്തിമ ഉത്തരവ് തീയതി സഹിതം | അപ്പീൽ നൽകി യിട്ടുണ്ടെങ്കിൽ അതിന്റെ നമ്പർ | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുള്ളതാകുന്നു.)

2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്റ്റിലെ (2005-ലെ 21) 9-ാം വകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാരിന് പ്രസ്തുത ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പാക്കുന്നതിനായി ഒന്നോ അതിൽ കൂടുതലോ ട്രൈബ്യൂണലുകൾ രൂപീകരിക്കാവുന്നതാണ്. ആക്റ്റിലെ 9-ാം വകുപ്പ് (5-ാം ഉപവകുപ്പ് പ്രകാരം ട്രൈബ്യൂണൽ അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്. കൂടാതെ ആക്റ്റിന്റെ 18-ാം വകുപ്പ് ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിന് അധികാരം നൽകുന്നു. ആയതിനാൽ, ട്രൈബ്യൂണലിന്റെ നടപടിക്രമങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനുവേണ്ടി, 2007-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ട്രൈബ്യൂണൽ ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാർ തീരുമാനിച്ചു.

ഈ ലക്ഷ്യം നിറവേറ്റുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് മേൽപ്പറഞ്ഞ വിജ്ഞാപനം.

# കേരള സർക്കാർ

വനം, വന്യജീവി (ഇ) വകുപ്പ്

## വിജ്ഞാപനം

സ. ഉ. (അച്ചടിച്ചത്) നമ്പർ 68/2007/വനം. തിരുവനന്തപുരം, 2007 നവംബർ 12.

**എസ്. ആർ. ഒ. നമ്പർ 927/2007.**—2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്റ്റിലെ (2005-ലെ 21), 15-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 2006 ഫെബ്രുവരി 17-ാം തീയതിയിലെ 374-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 145/2006 ആയി പ്രസിദ്ധീകരിച്ചതും 2006 ഫെബ്രുവരി 15-ാം തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നമ്പർ 09/2006/വനം ആയി പുറപ്പെടുവിച്ചിട്ടുള്ളതുമായ വിജ്ഞാപനം അതിലംഘിച്ചുകൊണ്ടും പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങൾ വേർതിരിച്ചറിയുന്നതിനും പ്രസ്തുത ഭൂപ്രദേശങ്ങളെ പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശമായി പ്രഖ്യാപിക്കാൻ സർക്കാരിനോട് ശുപാർശ ചെയ്യുന്നതിനും വേണ്ടി താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി കേരള സർക്കാർ ഇതിനാൽ ഒരു ഉപദേശകസമിതി രൂപീകരിക്കുന്നു, അതായത്:—

| | | | |
|---|---|---|---|
| (i) | പ്രധാന മുഖ്യവനപാലകൻ | .. | ചെയർമാൻ |
| (ii) | 1. ശ്രീ. വി. എസ്. സുനിൽകുമാർ എം. എൽ. എ. | .. | അംഗം |
| | 2. ശ്രീ. പി. കൃഷ്ണപ്രസാദ് എം. എൽ. എ | .. | അംഗം |
| (iii) | വനം വകുപ്പ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നിയോഗിക്കുന്ന ഗവൺമെന്റ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥൻ | .. | അംഗം |
| (iv) | നിയമ വകുപ്പ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നിയോഗിക്കുന്ന ഗവൺമെന്റ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥൻ | .. | അംഗം |
| (v) | റവന്യൂ സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നിയോഗിക്കുന്ന ഗവൺമെന്റ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥൻ | .. | അംഗം |

| | | | |
|---|---|---|---|
| (vi) | ഡയറക്ടർ, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് | .. | അംഗം |
| (vii) | ഡയറക്ടർ, കേരള വനം ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി | .. | അംഗം |
| (viii) | ഡയറക്ടർ, ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പച്ച, പാലോട് | .. | അംഗം |
| (ix) | ഡയറക്ടർ, ഭൗമ ശാസ്ത്ര പഠനകേന്ദ്രം, തിരുവനന്തപുരം | .. | അംഗം |
| (x) | ഡയറക്ടർ, ജലവിഭവ വികസന ക്രമീകരണ കേന്ദ്രം, കോഴിക്കോട് | .. | അംഗം |
| (xi) | ശ്രീ. സുരേഷ്‌രാജ്, കെ. പി. (പരിസ്ഥിതി പ്രവർത്തകൻ) 'യുവകലാ സാഹിതി' പ്രതിനിധി 'അരുണിമ', കടങ്കോട്, കരിങ്കരപ്പുള്ളി പി. ഒ., പാലക്കാട് | .. | അംഗം |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**എൽ. രാധാകൃഷ്ണൻ,**

*സെക്രട്ടറി,*

*വനം-വന്യജീവി വകുപ്പ്.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്ട് (2005-ലെ 21-ാം ആക്ട്)-ന്റെ 15-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ

പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങൾ വേർതിരിച്ചറിയുന്നതിനും പ്രസ്തുത ഭൂപ്രദേശങ്ങൾ പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശമായി പ്രഖ്യാപിക്കാൻ സർക്കാരിനോട് ശുപാർശ ചെയ്യുന്നതിനുംവേണ്ടി 2006 ഫെബ്രുവരി 15-ാം തീയതിയിലെ സ. ഉ. (അച്ചടിച്ചത്) 09/06/വനം നമ്പരായി പുറപ്പെടുവിച്ചതും 2006 ഫെബ്രുവരി 17-ാം തീയതിയിലെ 374-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 145/2006 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം രൂപീകരിച്ച ഉപദേശകസമിതി പുനഃസംഘടിപ്പിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ഉദ്ദേശ്യം നിറവേറ്റുന്നതിനുവേണ്ടിയാണ് ഈ വിജ്ഞാപനം.

GOVERNMENT OF KERALA

**Forest & Wildlife (E) Department**

NOTIFICATION

G. O. (P) No. 68/2007/F&WLD. *Dated, Thiruvananthapuram, 12th November, 2007.*

**S. R. O. No. 927/2007.**—In exercise of the powers conferred by section 15 of the Kerala Forest (Vesting and Management of Ecologically Fragile Lands) Act, 2003 (21 of 2005), and in supersession of Notification issued in G. O. (P) No. 09/2006/ Forest & Wildlife Department, dated 15th February, 2006 and published vide S. R. O. No. 145/06 in the Kerala Gazette Extraordinary No. 374, dated the 17th February, 2006, the Government of Kerala hereby constitute the Advisory Committee to identify the lands which are ecologically fragile and to recommend the Government to declare the said lands as ecologically fragile lands with the following members, namely:—

| | | | |
|---|---|---|---|
| (i) | The Principal Chief Conservator of Forests | .. | Chairman |
| (ii) | 1. Sri V. S. Sunilkumar MLA | .. | Member |
| | 2. Sri P. Krishnaprasad MLA | .. | Member |
| (iii) | The Secretary, Forest Department or his nominee not below the rank of Joint Secretary to Government | .. | Member |
| (iv) | The Secretary, Law Department or his nominee not below the rank of Joint Secretary to Government | .. | Member |

| | | | |
|---|---|---|---|
| (v) | The Secretary, Revenue Department or his nominee not below the rank of Joint Secretary to Government | .. | Member |
| (vi) | The Director, Scheduled Castes & Scheduled Tribes Development Department | .. | Member |
| (vii) | The Director, Kerala Forest Research Institute, Peechi | .. | Member |
| (viii) | The Director, Tropical Botanical Garden and Research Institute, Pacha, Palode | .. | Member |
| (ix) | The Director, Centre for Earth Science Studies, Thiruvananthapuram | .. | Member |
| (x) | The Director, Centre for Water Resources Development Management, Kozhikode | .. | Member |
| (xi) | Sri Suresh Raj, K. P. (Environmentalist) Representative of 'Yuvakala Sahithi', 'Arunima', Kadankode, Karinkarappully P. O., Palakkad. | .. | Member |

By order of the Governor,

L. Radhakrishnan,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

In exercise of the powers conferred under section 15 of the Kerala Forest (Vesting and Management of Ecologically Fragile Lands) Act, 2003 (Act 21 of 2005) the Government of Kerala have decided to issue Notification reconstituting the Advisory Committee constituted vide G. O. (P) No. 09/06/F&WLD, dated 15th February 2006 and published as S. R. O. No. 145/06 in the Kerala Gazette Extaordinary No. 374 dated 17th February 2006, to identify the lands which are ecologically fragile and to recommend to the Government to declare the said lands as ecologocally fragile land with the members mentioned therein.

The notification is intended to achieve the above object.

## അനുബന്ധം II

2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂ പ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകാർതൃത്വം നടത്തിപ്പും) ആക്റ്റിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള SRO-കളുടെ നിർവ്വഹണം സംബന്ധിച്ച് കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി വിവിധ ജില്ലകളിൽ ചേർന്ന തെളിവെടുപ്പ് യോഗങ്ങളിലും സന്ദർശനങ്ങളിലും പങ്കെടുത്ത് തെളിവ് നൽകിയ ഉദ്യോഗസ്ഥരുടെയും, അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരാതികളും നൽകിയ പൊതുജനങ്ങളുടെയും സംഘടനകളുടെയും പേരുവിവരം :

ഉദ്യോഗസ്ഥർ :

ശ്രീമതി വി. ജി. കുമാരി ഗിരിജ, അഡീഷണൽ ലാ സെക്രട്ടറി

,, ബി. ശോഭന, അഡീഷണൽ ലാ സെക്രട്ടറി

,, ഗീത എൻ. പോറ്റി, ഡെപ്യൂട്ടി സെക്രട്ടറി, റവന്യൂ വകുപ്പ്

ശ്രീ. എൻ. ഗോപിനാഥൻ, സി.സി.എഫ് & കസ്റ്റോഡിയൻ, ഇ.എഫ്.എൽ.

,, ആർ. ആർ. ശുക്ല, സി.സി.എഫ്. (എൻ.ആർ.)

,, എൻ. ശശിധരൻ, സി.എഫ്. (കണ്ണൂർ)

,, ടി. ഭാസ്കരൻ, എ.ഡി.എം., കോഴിക്കോട്

,, പി. എസ്. മുഹമ്മദ് സജിർ, ആർ.ഡി.ഒ. കോഴിക്കോട്

,, വി. കെ. ശ്രീവത്സൻ, ഡി.എഫ്.ഒ., കോഴിക്കോട്

,, ആർ. സുരേന്ദ്രരാജ്, അസി.ഡയറക്ടർ, ഫോറസ്റ്റ് മിനി സർവ്വേ

,, എം. ശ്രീധരഭട്ട്, ആർ.ഡി.ഒ. കാസർകോട്

,, കെ. ടി. ബാലകൃഷ്ണൻ, എ.ഡി.എം. കാസർകോട്

ശ്രീ. എസ്. രാജു, ഡെപ്യൂട്ടി സെക്രട്ടറി, ഫോറസ്റ്റ് & വൈൽഡ് ലൈഫ് ഡിപ്പാർട്ട്മെന്റ്

,, ടി. കെ. ബാബു, ഡി.എഫ്.ഒ. നെന്മാറ

,, രാജേന്ദ്രൻ, ഡി.എഫ്.ഒ., മണ്ണാർക്കാട്

ശ്രീമതി പി. സരസ്വതി, ഡെപ്യൂട്ടി കളക്ടർ, പാലക്കാട്

ശ്രീ. സോമനാഥൻ, എം. വി., എ.ഡി.എം., പാലക്കാട്

,, ടി. സി. ജോസഫ്, ഡി.ഐ.ഒ., പാലക്കാട്

<u>പരാതികളും നിർദ്ദേശങ്ങളും സമർപ്പിച്ചവർ</u> :

ശ്രീ. എം. കെ. അഷറഫ്, മങ്കാവ്, കോഴിക്കോട്

,, വി. കെ. സെബാസ്റ്റ്യൻ, കോടഞ്ചേരി, കോഴിക്കോട്

,, കെ. ടി. തോമസ്, കണ്ണോത്ത്, കോഴിക്കോട്

,, അബ്ദുൾ ജലീൽ, മങ്കാവ്, കോഴിക്കോട്

,, പ്രദീപ്കുമാർ, വി. ടി., 'ഹരിതസേന', കക്കാട്ടിൽ, കോഴിക്കോട്

,, മാധവപണിക്കർ, പ്രസിഡന്റ്, 'BIOSK' കാസർകോഡ്

,, വി. ഗോപിനാഥൻ, പ്രിൻസിപ്പൽ, ഗവ.കോളേജ്, കാസർകോഡ്

,, പി. എസ്. പണിക്കർ, 'ജനജാഗ്രത', പാലക്കാട്

,, എ. വി. ബാലകൃഷ്ണൻ, കല്ലൂർ, പാലക്കാട്

,, പി. ശങ്കരൻ നമ്പൂതിരിപ്പാട്, ശ്രീകൃഷ്ണപുരം, പാലക്കാട്

,, ഒ. കെ. സെയത്‌ലവി, AIYF ജില്ലാ വൈസ് പ്രസിഡന്റ്

,, പി. വി. ജോസഫ്, പാലക്കയം, പാലക്കാട്

,, കെ. സുധാകരൻ, ശ്രീകൃഷ്ണപുരം, പാലക്കാട്

,, എം. രാജൻ, കോടമ്പഴിപുരം, പാലക്കാട്

,, പ്രദീപ്കുമാർ, കെ. വി., മുട്ടിക്കുളങ്ങര, പാലക്കാട്

,, എം. എസ്. വിശ്വനാഥ്, മുട്ടിക്കുളങ്ങര, പാലക്കാട്

,, കെ. കണ്ണൻകുട്ടി, RK നഗർ, പാലക്കാട്

,, ജയപ്രകാശ്, പി. അകത്തേത്തറ, പാലക്കാട്

,, വി. വാസുദേവൻ, ചുളനൂർ, പാലക്കാട്

,, പി. സ്വാമിനാഥൻ, തേക്കിൻചിറ, കൊല്ലങ്കോട്

,, എൻ. കെ. ശിവരാമൻ, കാവശ്ശേരി, പാലക്കാട്

,, രാരിച്ചൻ എബ്രഹാം, നോച്ചിപ്പുള്ളി, പാലക്കാട്

,, സി. ഐ. വർഗ്ഗീസ്, കല്ലേകുളങ്ങര, പാലക്കാട്

## അനുബന്ധം III

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഇ.എഫ്.എൽ. ആയി നോട്ടിഫൈ ചെയ്തിട്ടുള്ള ഭൂ പ്രദേശങ്ങളുടെ വിശദാംശം (കസ്റ്റോഡിയൻ, ഇക്കളോജിക്കലി (ഫ്രജയിൽ ലാൻഡ്സ്-ന്റെ 31-9-2008-ലെ ഇ.എഫ്.എൽ. 10-1363/08 നമ്പരായ കത്ത് മുഖാന്തിരം ലഭ്യമാക്കിയത്)*.

| ജില്ല | ബിറ്റുകളുടെ എണ്ണം | ഏകദേശ വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| പാലക്കാട് | 423 | 4966.3026 |
| വയനാട് | 95 | 2388.8676 |
| തിരുവനന്തപുരം | 46 | 759.9784 |
| മലപ്പുറം | 37 | 1224.8247 |
| തൃശ്ശൂർ | 10 | 20.8530 |
| കണ്ണൂർ | 56 | 753.7443 |
| കോഴിക്കോട് | 98 | 1513.7270 |
| കൊല്ലം | 12 | 140.6724 |
| കാസർഗോഡ് | 7 | 81.1200 |
| ഇടുക്കി | 177 | 1255.5515 |
| ആകെ | 961 | 13105.6415 |

* (എറണാകുളം, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളുടെ കണക്കുകൾ ഇനിയും ഈ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയിട്ടില്ല)